മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 7 ലക്കം 8 പേജുകൾ 32 നവംബർ 2026

കഥ, കവിത, കാർട്ടൂൺ കേരളം, തെക്കോട്ടിറക്കം





വി.ഫി. ജോൺസ്



ബഷീർ മുളിവയൽ



സുനിൽ എടത്തിൽ



ശ്രീജ വിജയൻ



ഗീത കൈപ്പമ്പ്

JOS ALUKKAS

A TRADITION OF FINE JEWELLERY



JOS ALUKKAS

DEEPAVALI surprises

ഗോൾഡ്

പണിക്കൂലിയിൽ

30% വരെ ഡിസ്കൗണ്ട്

ഡയമണ്ട്സ്

30% ഡിസ്കൗണ്ട്

പ്ലാറ്റിനം

30% പണിക്കൂലിയിൽ ഡിസ്കൗണ്ട്

Offer valid till 15th Nov

*0% നഷ്ടമില്ലാതെ എക്സ്ചേഞ്ച്

പഴയ 22KT സ്വർണ്ണാഭരണങ്ങൾ പുതിയ HUID സ്വർണ്ണാഭരണങ്ങളായി മാറ്റി വാങ്ങൂ

HDFC BANK FESTIVE TREATS Up to ₹5000 Instant Discount* with HDFC Bank Credit Cards

*T&C Apply

ROUND EAST, THRISSUR. PH: 0487-2331812

Editor's page:



ഓഫീസ്:
മഷിപ്പച്ച മാസിക
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com

email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

സ്പെഷൽ കറസ്പോണ്ടന്റ്:
ഫ്രാങ്കോ ലൂയിസ്


കറസ്പോണ്ടന്റ്:
സി. ജി. അശോകൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി
റയൻ ജോസഫ്

ഈയിടെ ഉയർന്നുവന്ന പി എസ് സി ക്രമക്കേട് വാർത്തകൾ ഉയർത്തുന്ന നിരവധി ചോദ്യങ്ങളുണ്ട്. ഭരണം കയ്യാളുന്നവരുടെ ചട്ടുകമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ നപുംസകങ്ങളെ തിരിച്ചറിയുന്നതിനും തെരഞ്ഞു പിടിക്കുന്നതിനും നിയമത്തിന് മുന്നിലെത്തിക്കുന്നതിനും ഭരണമാറ്റം തന്നെ വേണ്ടിവരുന്നു എന്നതാണ് മുന്നിലെ യാഥാർത്ഥ്യം. രാപ്പകൽ പഠിച്ച് വർദ്ധിച്ച ആത്മവിശ്വാസത്തോടെ പി എസ് സി പരീക്ഷ എഴുതുന്ന കുട്ടികളെ മനപ്പൂർവ്വം തോൽപ്പിച്ച് ഭരിക്കുന്നവരുടെ ഗുണ്ടകളെയും പിണിയാളുകളെയും ഉയർന്ന വേതനത്തിൽ തിരുകി കയറ്റുന്നുവെന്ന യാഥാർത്ഥ്യത്തിന് മുന്നിൽ യുവത പകച്ചു നിൽപ്പാണ്.

ഒഴിവുകളുടെ എണ്ണം വിരലിൽ എണ്ണാവുന്നതും വൻ തുക വേതനം നൽകേണ്ടതുമായ ചില തസ്തികകളിൽ നടന്ന ക്രമക്കേടുകളാണ് ഇപ്പോൾ പുറത്തു വന്നത്. നൂറുകണക്കിന് ഒഴിവുകളിലേക്ക് നടത്തിയ പരീക്ഷകളിൽ എന്തുമാത്രം കൃത്രിമത്വം നടന്നിരിക്കും എന്ന് ഇതിന്റെ സൂചിക വെച്ച് അനുമാനിക്കാവുന്നതാണ്.

രാഷ്ട്രീയ കക്ഷികൾക്ക് ഗുണ്ടാ പണി ചെയ്യുന്നവരെയും കൊടി പിടിക്കുന്നവരെയും എങ്ങനെയെല്ലാം എവിടെയെല്ലാം തിരുകി കയറ്റിയിട്ടുണ്ട് എന്ന് കഴിഞ്ഞ 10 വർഷ കാലയളവിൽ പി എസ് സി നടത്തിയ പരീക്ഷകളുടെ പിന്നാമ്പുറം ചികഞ്ഞാൽ കണ്ടെത്താനാകും. സ്വജനപക്ഷപാതം എന്ന് ഇതിനെ ലഘൂകരിക്കാനാകില്ല. സംസ്ഥാനത്തെ യുവജനങ്ങളെ ഒന്നാകെ വഞ്ചിച്ചിരിക്കുന്നു എന്നത് കഠിന ശിക്ഷ അർഹിക്കുന്ന ക്രിമിനൽ കുറ്റമായി തന്നെ കണക്കാക്കണം. പി എസ് സി യുടെ പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടിന് കളമൊരുക്കിയത് ചെയർമാൻ തന്നെയാണത്രേ. പ്രത്യേക പരിരക്ഷ എന്ന കവചം പൊട്ടിച്ച് അദ്ദേഹത്തെ വിചാരണ ചെയ്യുന്നതിന് അവസരം ഉണ്ടാകണം. തക്കതായ ശിക്ഷ ഉറപ്പാക്കുന്നതോടൊപ്പം തുടർന്നും ഇത്തരം ക്രമക്കേടുകൾ സംഭവിക്കാതിരിക്കാൻ പിഎസ്സിയിൽ നിരീക്ഷണ സെൽ ഏർപ്പെടുത്തേണ്ടതാണ്.



സി ആർ രാജൻ
എഡിറ്റർ



അകത്താളുകളിൽ

കഥ

വി.പി.ജോൺസ് ..... പേജ് 18
അനിൽ മണ്ണത്തൂർ ..... പേജ് 22
മുഹമ്മദ് മുണ്ടക്കോട് ..... പേജ് 24

ഓർമ്മക്കുറിപ്പുകൾ

സി.ആർ. രാജൻ ..... പേജ് 6

കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ ..... പേജ് 5

പുസ്തകപരിചയം

ഡോ. അജയ് നാരായണൻ ..... പേജ് 28
സന്തോഷ്കുമാർ കെ. ..... പേജ് 32


കുട്ടികളുടെ മഷിപ്പച്ച

വര, കവിത ..... പേജ് 25

കവിത

ഗീത കൈപ്പറമ്പ് ..... പേജ് 8
ശ്രീജ വിജയൻ ..... പേജ് 10
സനിൽ എടത്തിൽ ..... പേജ് 11
ബഷീർ മുളിവയൽ ..... പേജ് 12
നിബിൻ കള്ളിക്കാട് ..... പേജ് 13
ഡോ. രമ്യ രാജ് ആർ ..... പേജ് 14
ജയപാലൻ കാര്യാട്ട് ..... പേജ് 15
കുഞ്ഞച്ചൻ മത്തായി ..... പേജ് 16
ഉണ്ണികൃഷ്ണൻ കളമുള്ളതിൽ പേജ് 17





എം. ആർ. ബാലചന്ദ്രൻ
9847157398



സി.ആർ. രാജൻ
9447189032


മത്സര പരീക്ഷകളിലെ മറിമായങ്ങൾ


ഇല്ലായ്മയുടെതായിരുന്നു എന്റെ ചെറുപ്പം. നല്ല ഭക്ഷണം, പിഞ്ഞി കീറും മുമ്പേ മാറ്റിയുടുക്കുവാൻ വസ്ത്രം എന്നിവ അന്നെന്റെ മോഹങ്ങളായിരുന്നു. സ്വകാര്യത നൽകിയിരുന്ന ഒരു മുറി മാത്രം അന്നെനിക്കുണ്ടായിരുന്നു. ഇല്ലായ്മയിലും ഞാൻ അവിടെ ഒരു പ്രണയ ശില്പം വാർത്തു. ഞെരിച്ചിലുകളിൽ പ്രണയലേപനം അന്നെനിക്ക് സ്വാസ്ഥ്യം പകർന്നിരുന്നു.

തൃശ്ശൂരിലെ സെന്റ് തോമസ് കോളജിൽ ഞാനന്ന് പ്രീ ഡിഗ്രിക്ക് പഠിക്കുന്നു. സാമ്പത്തിക ഞെരുക്കം സമ്മാനിച്ച അപകർഷതാബോധം, കോളജിൽ അന്നെനിക്ക് അടുത്ത കൂട്ടുകാരെ സമ്മാനിച്ചില്ല. ഒറ്റപ്പെട്ട് നിൽക്കാൻ പ്രാഥമിക പാഠം ഉൾക്കൊണ്ടതും പ്രീഡിഗ്രി കാലത്താണ്.

നാട്ടിൽ പക്ഷേ മറ്റൊരു മുഖമായിരുന്നു എനിക്ക്. കളി കൂട്ടുകാർക്കിടയിൽ വളർന്ന സൃഹൃദം യൗവ്വനാരംഭത്തിൽ കൂടുതൽ ഇഴയടുപ്പം സമ്മാനിച്ചിരുന്നു. സമപ്രായക്കാരും കുട്ടികളും മുതിർന്നവരും ആയി ദൃഢബന്ധം ഉറപ്പിച്ച് കിട്ടിയിരുന്നു. 'ശില്പശാല' എന്ന പേരിൽ ഞങ്ങൾ രൂപീകരിച്ച സാംസ്കാരിക സംഘടനയുടെ പ്രവർത്തനങ്ങൾ, ഈ കെട്ടുറപ്പ് കൂടുതൽ ബലവത്താക്കി. ജനകീയ പ്രശ്നങ്ങളിൽ കൂടുതൽ ഇടപെടലുകൾക്ക് അങ്ങനെ കളമൊരുങ്ങി. കക്ഷി, രാഷ്ട്രീയ ചേരികളിൽ നിന്നും അകന്ന് എല്ലാവർക്കും തുണയാകുന്ന ഒരു അവസ്ഥയിലേക്ക് അതെനിക്ക് പകർന്നാട്ടം നൽകി.


തൃശ്ശൂർ നഗരത്തോട് ചേർന്ന് കിടക്കുന്ന, നഗര വികസനത്തോടെ നഗരത്തിന്റെ ഭാഗമായി മാറിയ ലാലൂരിന് കുഗ്രാമം എന്ന ലേബൽ അന്ന് ചാർത്തി കിട്ടിയിരുന്നു. സാമ്പത്തികമായി ഏറെ പിന്നോക്കാവസ്ഥയിൽ ആയിരുന്നു ആ പ്രദേശം. മരപ്പണിക്കാരും കല്ലുവെട്ടുകാരും കൂലിപ്പണിക്കാരും കള്ളുചെത്തുകാരും അടങ്ങുന്നതായിരുന്നു ലാലൂരിലെ തൊഴിൽപ്പട. സ്ത്രീകളിൽ ഏറെയും വീട്ടമ്മമാർ. എന്റെ ബാല്യവും കൗമാരവും യൗവനാരംഭ കാലവും ലാലൂരിന്റെ സ്നേഹ കുടീരത്തിലായിരുന്നു. ആ കാലം സമ്മാനിച്ചത്രയും നി











സ്വാർത്ഥ സ്നേഹബന്ധങ്ങൾ മറ്റൊരിടത്തും എനിക്ക് ലഭിച്ചിട്ടില്ല.

രണ്ട് കിലോമീറ്റർ അപ്പുറത്തെ പള്ളിക്കൂടത്തിൽ ഞങ്ങൾ കുട്ടികൾ അന്ന് നടന്നു പോകുന്നതാണ് പതിവ്. മോട്ടോർ വാഹനങ്ങൾ അന്ന് കാണാനില്ലായിരുന്നു. സൈക്കിൾ പോലും അപൂർവം. അരണാട്ടുകരയിലെ തരകൻസ് സ്കൂളിൽ അന്ന് പത്താം തരം വരെ പഠിക്കാം. ചിട്ടയോടെയുള്ള പഠന ക്രമം അന്ന് സ്കൂളിനെ മികച്ച നിലവാരം പുലർത്താൻ സഹായിച്ചിരുന്നു. തരകൻസ് സ്കൂളിൽ അഞ്ചാം ക്ലാസിലാണ് ഞാൻ പഠനം ആരംഭിച്ചത്. പത്ത് കടക്കും വരെ അവിടെ തുടർന്നു. എസ്എസ്എൽസി ബോർഡ് പരീക്ഷാഫലം വന്നപ്പോൾ കണക്ക് വിഷയത്തിൽ എനിക്ക് ലഭിച്ചത് 50ൽ 52! അതുമൂലം തുടർ പഠനം തടസ്സപ്പെടുമോ എന്ന ആശങ്കയ്ക്കിടെ പരീക്ഷ കൺട്രോൾ ബോർഡിന് തിരിച്ചയച്ച എന്റെ മാർക്ക് ലിസ്റ്റ് വൈകാതെ തിരുത്തി കിട്ടി. 52 എന്നത് 50 എന്ന് തിരുത്തിയിരുന്നു. ബാക്കി വന്ന രണ്ട് പുറത്ത് പോകാതിരിക്കാനും ബോർഡ് കൗശലം പ്രയോഗിച്ചു. മറ്റൊന്നിൽ അത് കൂട്ടിയിട്ട് അങ്ങനെ പ്രശ്നം പരിഹരിച്ചു.

പരീക്ഷ പേപ്പറുകളുടെ വാലുവേഷനിൽ എക്കാലത്തും ഉദാസീന നിലപാട് ഉദ്യോഗസ്ഥർ പുലർത്തിയിരുന്നു എന്നതിന് 3 പതിറ്റാണ്ട് മുമ്പത്തെ എന്റെ അനുഭവം സാക്ഷി.

ഇക്കാലത്തേതിൽ നിന്നും പക്ഷേ ഭിന്നമായിരുന്നു അന്നത്തെ ഉദ്യോഗസ്ഥ ഇടപെടലുകൾ. ഭരിക്കുന്ന രാഷ്ട്രീയ കക്ഷിക്ക് വേണ്ടി യോഗ്യതയില്ലാത്ത വരെ സർക്കാർ സർവീസിൽ തിരുകി കയറ്റുന്ന വീടുപണിക്കാരായി ഇന്ന് പി എസ് സി ഉദ്യോഗസ്ഥർ തരം താണിരിക്കുന്നത് മനപ്പൂർവമാണ്. അന്ന് പക്ഷേ ലാഭേച്ഛയില്ലാതെ, ഉദാസീനതയിൽ നിന്നുമാണ് ഇത്തരം തെറ്റുകൾ സംഭവിച്ചുകൊണ്ടിരുന്നത്. രണ്ടും ഒരേ വിധം കാണാൻ ആകില്ലെങ്കിലും പരീക്ഷ നടത്തിപ്പിന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുന്നു എന്നതത്രെ നേര്.

അക്കാലം എനിക്ക് കഠിനമായ സാമ്പത്തിക ഞെരുക്കത്തിൻറേതായിരുന്നു. ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ചിരുന്ന അപ്പന്റെ ബിസിനസ് സ്ഥാപനം വൻ നഷ്ടത്തിലേക്ക്കൂപ്പുകുത്തി. അതുമായി ബന്ധപ്പെട്ട് ഭീമമായ കടബാധ്യതയുണ്ടായി. വീട്ടിൽ വന്നു ബഹളമുണ്ടാക്കിയ ഒരാൾക്ക് അമ്മ അണിഞ്ഞിരുന്ന ആഭരണങ്ങൾ അഴിച്ചു നൽകിയത് ഇന്നും എന്റെ കൺമുന്നിലുണ്ട്.

അവിടം മുതൽ പാളം തെറ്റിയ ഞങ്ങളുടെ ജീവിതം എങ്ങനെ വൻവീഴ്ചയിൽ അകപ്പെടാതെ അമ്മ കാത്തുവെന്ന് ഇപ്പോഴും ഞാൻ വിസ്മയിക്കുന്നുണ്ട്.

ബിസിനസ് തകർച്ച ഏൽപ്പിച്ച ആഘാതത്തിൽ നിന്നും അപ്പൻ പിന്നെ മുക്തനായിട്ടില്ല. ഉൾവലിഞ്ഞ്, മറ്റൊരു ജീവിതമാർഗം കണ്ടെത്താനാകാതെ പകച്ച് തുടർന്നുള്ള കാലം അപ്പൻ കഴിഞ്ഞു. പതിനഞ്ചു വയസിനു താഴെ പ്രായമുള്ള ഞങ്ങൾ ഏഴു മക്കളെയും നിസംഗനായി തീർന്ന ഭർത്താവിനേയും പട്ടിണിക്കിടാതെ പോറ്റുന്നതിന് അകമേ അമ്മ ഒഴുക്കിയ കണ്ണീർ മനസ്സിൽ ഒട്ടിപ്പോയതിനാലാകാം ഏതു പ്രതിസന്ധികളും 'പുല്ലെന്നു' കരുതുന്നതിനുള്ള ആത്മബലം എനിക്ക് കൈവന്നത്.

യൗവനാരംഭത്തിൽ തന്നെ പഠനത്തിന് അവധി നൽകാനും തൊഴിൽ അന്വേഷകനാകാനും ഞാൻ സ്വയം തീരുമാനിക്കുകയായിരുന്നു.

ഞെരുക്കങ്ങൾക്കൊപ്പം എന്നോടൊട്ടിപോയ ഒരു പ്രണയവും ഈ തീരുമാനത്തിനു ഹേതുവായി. തൃശൂരെ സെന്റ് തോമസ് കോളേജിൽ ഞാനന്ന് ഒന്നാംവർഷ ബി എ വിദ്യാർത്ഥി. തുടർ പഠനം മുറിച്ച് ഞാൻ അന്നത്തെ മദ്രാസിലേക്ക് വണ്ടി കയറി.

മണ്ഡോദരിയുടെ ചോദ്യങ്ങൾ



ഗീത കൈപ്പറമ്പ്

ഇപ്പോൾ,
യുദ്ധം കഴിഞ്ഞിരിക്കുന്നു.
ലങ്കയുടെ ആകാശത്തിൽ
പുകയുടെ അവസാന നൂലിഴകളും
അലിഞ്ഞുപോയിരിക്കുന്നു.
സ്വർണ്ണഗോപുരങ്ങളുടെ മേൽ
ചാരത്തിന്റെ നിറം മൂടിയിരിക്കുന്നു!
വിജയികൾ അവരുടെ കഥകൾ
എഴുതിക്കൊണ്ടിരിക്കുന്നു.
പരാജിതർ അവരുടെ മുറിവുകൾ
തുന്നിക്കൊണ്ടിരിക്കുന്നു.
ഞാൻ - മണ്ഡോദരി.
ചരിത്രത്തിന്റെ അരികിൽ
ഒരു കണ്ണുനീർത്തുള്ളിപോലെ
ഉറഞ്ഞുകിടക്കുന്ന പേര്.
ഇന്നെനിക്ക് കുറേ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാനുണ്ട്.
നോക്കൂ രാമാ,
ഒരു സ്ത്രീയെ വീണ്ടെടുക്കാൻ
ആയിരക്കണക്കിന് സ്ത്രീകളുടെ കണ്ണീർ വേണ്ടിവരുന്നുവെങ്കിൽ,
ആ വിജയത്തെ
എന്ത് പേരിലാണ് വിളിക്കേണ്ടത്?
രാവണാ,
ഒരു സ്ത്രീയെ സ്വന്തമാക്കാനുള്ള മോഹത്തിൽ
ഒരു രാജ്യം മുഴുവൻ ചാരമാക്കേണ്ടിവരുന്നുവെങ്കിൽ,
ആ പുരുഷത്വത്തെ
എന്ത് പേരിലാണ് ഞാൻ വിളിക്കേണ്ടത്?
അറിയണമെനിക്ക്!
നോക്കൂ,
യുദ്ധഭൂമിയിൽ വീണ ഓരോ ശരീരത്തിന്റെയും പിന്നിൽ
അയാൾ
തിരികെ വരുമെന്ന് കരുതി
ആരോ വിളക്ക് കത്തിച്ചുവച്ചിരുന്നു.
ആ വിളക്കുകളുടെ പുകയെക്കുറിച്ച്
ഏത് ഇതിഹാസമാണ് സംസാരിക്കുന്നത്?
അവർ പറയുന്നു:
രാവണന് പത്ത് തലകളുണ്ടായിരുന്നുവെന്ന്.
ഞാൻ ചോദിക്കുന്നു-
ഒരു സത്യം പോലും കേൾക്കാൻ കഴിയാതെ പോയെങ്കിൽ
ആ മനുഷ്യന്
ഒരു തല മതിയായിരുന്നില്ലേ?
പത്ത് തലകൾ ഉണ്ടായിട്ടും
ഒരുവളുടെ കണ്ണുനീർ കാണാൻ കഴിയാതെ പോയെങ്കിൽ,
അത് ജ്ഞാനത്തിന്റെ അടയാളമായിരുന്നോ?
അല്ലെങ്കിൽ
അഹങ്കാരത്തിന്റെ വനമായിരുന്നോ?
രാമാ,
നീ ധർമ്മത്തിന്റെ വഴിയിലൂടെ നടന്നു എന്ന്
ലോകം ഇന്നും പാടുന്നു.
പക്ഷേ
ധർമ്മം
യുദ്ധത്തിൽ ജയിക്കുന്നതാണോ,
അല്ലെങ്കിൽ



യുദ്ധം ഒഴിവാക്കുന്നതാണോ?
എന്റെ ചോദ്യങ്ങൾ
ആരെയും കുറ്റപ്പെടുത്താനല്ല.
ചാരത്തിനടിയിൽ കിടക്കുന്ന അസ്ഥികൾക്ക്
ജയിച്ചവന്റെയും തോറ്റവന്റെയും നിറമില്ല.
അവയ്ക്കെല്ലാം
ഒരേ വെള്ളനിറമാണ്.
ഓരോ അമ്മയുടേയും കരച്ചിലിന്
അയോധ്യയുടെയെന്നോ ലങ്കയുടെയെന്നോ ഭാഷാഭേദമില്ല.
ഓരോ ഭാര്യയുടേയും കാത്തിരിപ്പിന്
വിജയത്തിന്റെയും പരാജയത്തിന്റെയും അതിരുകളില്ല.
എന്നിട്ടും
നിങ്ങൾ ചരിത്രമെഴുതുമ്പോൾ
വാളുകളുടെ തിളക്കമാണ് എഴുതിയത്.
ഞങ്ങൾ കരഞ്ഞ രാത്രികളുടെ പ്രതിധ്വനിയെ
ആരും എഴുതിയില്ല.
ഞാൻ മണ്ഡോദരി,
സ്വർണ്ണലങ്കയുടെ രാജ്ഞിയല്ല...
തീയിൽ ഉരുകിപ്പോയ ഒരു സ്വപ്നത്തിന്റെ
അവസാന സാക്ഷി.
ഇന്ന്
രാമായണം വീണ്ടും വായിക്കുന്നവരോട്
എനിക്കൊരു അപേക്ഷയുണ്ട്.
വീരന്മാരുടെ കാലൊച്ചകൾ മാത്രമായി കേൾക്കരുത്.
കൊട്ടാരത്തിന്റെ ഒരു കോണിൽ
യുദ്ധം തുടങ്ങരുതേ എന്ന്
അവസാനം വരെ പ്രാർത്ഥിച്ചിരുന്ന
ഓരോ സ്ത്രീയുടേയും ഹൃദയമിടിപ്പും കേൾക്കുക.
ചരിത്രം സത്യം പറയുന്നത്
രാജാക്കന്മാരുടെ ശബ്ദത്തിലാകണമെന്നില്ല..
കണ്ണീരടക്കി നിൽക്കുന്ന സ്ത്രീകളുടെ
നിശ്ശബ്ദതയിലൂടെയായിരിക്കും!
അപ്പോൾ നിങ്ങൾക്കു ബോധ്യപ്പെടും
ലങ്ക കത്തിയത്
ഹനുമാന്റെ തീകൊണ്ടല്ല,
ഒരു മനുഷ്യന്റെ അഹങ്കാരം
മറ്റൊരു മനുഷ്യന്റെ ധർമ്മവുമായി
ഏറ്റുമുട്ടിയപ്പോൾ ഉയർന്ന
അദൃശ്യജ്വാല കൊണ്ടാണെന്ന്.
ആ ജ്വാല
അന്നും
ഇന്നും
എന്നും
കത്തുന്നുണ്ടെന്ന്;
ഓരോ അധികാരത്തിന്റെയും ഉള്ളിൽ.
അത് അണയ്ക്കാൻ
ഇന്നും ആരെങ്കിലും
മണ്ഡോദരിയുടെ ചോദ്യങ്ങൾ
കേൾക്കേണ്ടതുണ്ടെന്ന്.

അടിമ



ചുരുണ്ട് കിടക്കണം.
അനങ്ങാതെ, മിണ്ടാതെ,
ചുരുളൽ വട്ടമാർന്നിരിക്കണം
തേരട്ട ചുരുണ്ട പ്പോലെ .

കനത്ത പ്രഹരങ്ങളോരോന്നിനും
ഞരങ്ങാതെ കിടന്നേയ്ക്കണം.
ജീവനുള്ള ശവമായ് .

ഉള്ളിൽ നുരഞ്ഞു പൊന്തുന്നതൊന്നും
പുറമറിയരുത്.
ഒന്നും പ്രകടിപ്പിക്കരുത്.
ചിന്തയരുതേയരുത്.
എന്തിനു ചുമന്നു നടക്കണം
പ്രതികരണശേഷി.
സൗകര്യത്തിനായി, മറന്നേയ്ക്കണം.
കൂട്ടു ചേരൽ, പങ്കുവെയ്ക്കൽ
കൊടുംകുറ്റങ്ങളാണ്.
സ്വന്തം കാര്യങ്ങളപരനറിയാ-
തിരിക്കലേ മുഖ്യം.
എണീക്കാനായാലും,
തല കാലുകൾക്കിടയിൽ വച്ച്
ചുരുണ്ടു തന്നെ കിടക്കണം.
ആരോ പറഞ്ഞിട്ടില്ലേ.
‘ വായുവിൽ വിഷം നിറഞ്ഞു നിൽക്കുമ്പോൾ ,
ശ്വസിക്കാനുള്ള സ്വാതന്ത്ര്യം ,
മരിക്കാനുള്ളതെന്ന് ‘
ശ്....
ശ്.....
മന്ത്രിച്ചോളൂ.
ഒറ്റക്കാവുമ്പോൾ മാത്രം.



ശ്രീജ വിജയൻ
9447672678



സനിൽ എടത്തിൽ
Ph: 9446505864

കവിത

വിരലടയാളം


നിന്നിലെത്തിയുത്തരമില്ലാതെ പോയ
വാക്കുകളിലല്ല,
കാറ്റുവീശിയുണർത്തിയ കുളിരിലല്ല
മിഴിയിൽ കൂടുകൂട്ടിയ
ജാലക നക്ഷത്രത്തിലുമല്ല

നിന്നോട് പറയാതെ പോയ
മൗനത്തിലാണെന്റെ
പ്രണയം.

എന്റെ മുറിയിലെ
തുറക്കാതെ വെച്ച
കുഞ്ഞു പെട്ടിയിൽ
അടച്ചു വെച്ച
നിശ്വാസത്തിലാണെന്റെ പ്രണയം.

ഓർമകൾ
തിന്നു തീർത്ത
ഭൂതകാലത്തിന്റെ
വിരലടയാളമായി
എന്റെ പ്രണയവും
ചിതലരിച്ചു പോയിരിക്കുന്നു.

മിഴിവിട്ട കാഴ്ചയിൽ
നീ എന്റെ ആരായിരുന്നു?
ഞാൻ തന്നെയോ.



മലകയറി വന്ന ലോറികൾ

ആദ്യമായി മല കയറി വന്ന ലോറികണ്ട്
ആളുകൾക്ക് അത്ഭുതം
അവ കാടുമായി മലയിറങ്ങിപ്പോയി

രണ്ടാമത് മല കയറിവന്ന ലോറി കണ്ട്
ആളുകൾക്ക് ആഹ്ലാദം
പാറകളുമായി അവ മലയിറങ്ങിപ്പോയി

മൂന്നാമതും മലകയറി വന്ന ലോറികൾ കണ്ട് ആളുകൾക്ക് ഭയം തോന്നി
അവ കുന്നുമായി മലയിറങ്ങിപ്പോയി

സമരങ്ങളുടെയും , പ്രതിഷേധങ്ങളുടെയും ഇടയിലൂടെ
ഇപ്പോഴും ലോറികൾ മല കയറി വരുന്നുണ്ട്
കുപ്പിവെള്ളവും , മരുന്നും ഓക്സിജൻ സിലിണ്ടറുമൊക്കെയായി
കാലിയായാണ് അവയൊക്കെ മലയിറങ്ങിപ്പോകുന്നത്





ബഷീർ മുളിവയൽ
+971547453464

അടപൊട്ടൽ

കവിത



നിബിൻ കള്ളിക്കാട്
Mob : 9961582667

അടപ്പൊട്ടിയിരുളിന്റെ
കടുമിരുൾ മുട്ടയിൽ
ഒരുപകൽ കിളിയുടെ
കൊക്കൊന്നൊരുമ്മി,

കരിവീണവെയിലിന്റെ
കലപില കേട്ടതിൽ
അകലെ നിലാവൊളി
കണ്ണൊന്നുണർത്തി,

കണ്ണീരിൻ കലപോലെ
പാതിയും മങ്ങിയ
പഥികനായി കാലം
പൂർണ്ണേന്ദുവിൽമങ്ങി


നരകവെളിച്ചത്തിൽ
കരയാൻ മറന്നൊരു
ഇലപോലെയടരുന്നു
അകലുന്ന രാത്രി,

ആരുമറിയാത്തൊരു
മനസ്സായിരുന്നതിൽ
ആരും തൊടാത്തൊരു
ഉടലായിരുന്നതിൽ ,

ആരും ചികയാത്തൊരു
മോഹമാണൊന്നതിൽ
മനസ്സും കാണാത്തൊരു
കനിവായിരുന്നതിൽ

കടുമിരുൾ രാത്രികൾ
അകലുന്ന ജീവനിൽ
ജീവിതക്കിളിയുടെ
സ്വപ്നമുട്ടയടപൊട്ടെ

നഖമുനയിൽ മാന്തുന്ന
ഉടലുകൾക്കറിയില്ല
നീറും മണ്ണിൻ മനസ്സും
ജലത്തിൻ തണുപ്പും !



കവിത

പെൺചിരി

തുറന്നിട്ട വാതായനങ്ങൾക്കില്ല നിറരൂപങ്ങൾ
ഇല്ല ജാതിമതമതിലുകൾ
സീത ചിരിച്ചു...
യുഗയുഗാന്തരപ്രവാഹം ചെയ്തൊരു നിറപുഞ്ചിരി...
ഇന്നിന്റെ നിറങ്ങളിൽ ചാലിച്ചെഴുതിയ
ത്രേതായുഗത്തിന്റെ ശിലാതല്പങ്ങളിൽ
കാലം മറന്നു പെയ്തൊരു പെരുമഴപ്പെയ്ത്ത്...!

ആത്മഹാസത്തിന്റെ അന്തർധാന പൂർണ്ണതയിൽ
'അകം-പുറം'* നീറിയ രഘുകുലസഭയിൽ
വാക്കുകൾ പുറത്തുവച്ചു കാത്തുനിന്ന രഘുകുലനാഥൻ
ആകെപ്പരവശം നേർത്ത കൺപീലിയിതളുകൾ
വിരഹച്ചുഴിതന്നാഴങ്ങളിൽ നീറും-
മനമേതുമല്ലെങ്കിലതേതു വികാരം...?
കുലച്ച വില്ലിനായതിലില്ലിത്തരമേതും പോന്നൊര-
പമാനക്കൈപ്പുനീരുയർത്തിപ്പിടിക്കും പോൽ...!
കാലഭൂപടത്തിലാരോ നേരറിയാതെറിഞ്ഞിട്ട
നിഴലായ് നിറംമാറ്റം ചെയ്തൊരീ
അന്തർധാനം...
യുഗസഞ്ചാരത്തിൽ നിന്നെങ്ങനെ മറയ്ക്കുമീ
പരാജയപ്പടുദിനമെന്നീവിധം
ഉറക്കെച്ചൊല്ലുമാറവിടെത്തരിച്ചിരിക്കും
മുൾക്കിരീടത്തിൻ താഴെയീ-
പ്പുരുഷവദനമതുതൻ മറപറ്റി...!

യുഗസഞ്ചാരം ചെയ്ത പ്രാണപ്രിയ തൻ
വഴിതന്നിൽ തുടരും കാലൊച്ചകൾ
കെടുത്തും അഹന്ത-
തന്നസ്ഥിഞരമ്പിൻ സമുച്ചയം...

ഇന്നില്ലെങ്കിലേതു ദിനമീപ്പെണ്ണുടൽ
ദിഗന്തങ്ങളെപ്പെറ്റു തുളുമ്പും പറഞ്ഞാലും,
മറന്നിട്ടു പോകാവതല്ലീ തുടർച്ചകൾ
വരുംകാലമൊരുണർത്തുപാട്ടില്ലാതെ തന്നെയീ
മൗനവെളിച്ചപ്പെടലിന്നന്തഃശ്ശിലകളിഴകീറിടട്ടെ...

(*അകം-പുറം - സംഘകാല കവിതകളിലെ രണ്ടു ഭാഗങ്ങൾ)



ഡോ. രമ്യാ രാജ് ആർ
9496747007, 7994760770

ജന്മസാഫല്യം



ജയപാലൻ കാര്യാട്ട്
(M) 9447270900



അഴകിന്നവസാനവാക്കായ് ലസിക്കുന്നോ-
രവളുടെ അസുലഭ ദർശനം തേടി ഞാൻ
അലയുന്നതലയാഴിത്തിരകളൊത്തെങ്കിലു-
മതുജന്മസാഫല്യമെന്നേ നിനച്ചു പോയ്!
തളരില്ല, തളരാനെനിക്കാവതില്ല ഞാ-
നിനിയും ദിഗന്തങ്ങൾ പിന്നിടാനെത്രയോ!
കളിയല്ല കാമിനീകരവും ഗ്രസിച്ചുകൊ-
ള്ളിമാനമേറും ശിരസ്സോടെ നീങ്ങവേ
പതിവായ് പകലോന്റെ കിരണങ്ങളൊത്തുചേർ-
ന്നലിയാൻ തരളിത മേനികൊതിച്ചു പോയ്
പ്രണയമെന്തറിയുന്നേനിനിയെത്ര ജന്മങ്ങ-
ളിവളുടെ സവിധത്തിലർപ്പിതം പൂജിതം.
അധരങ്ങളിൽ മുല്ലമൊട്ടുകൾ വിരിയുന്ന-
തകതാരിലൂറുന്ന സ്നേഹവായ്പെന്നതും
അകലാനെനിക്കാവതില്ല നിൻമാറിലെ
നെടുവീർപ്പുയർത്തുന്ന രാഗലയങ്ങളിൽ
അലിയാൻ മതിവരാതുണരാതെ പിന്നെ നിൻ
വിളികേട്ടുണരാൻ, പുണരാൻ കൊതിപ്പുഞാൻ.
മാറുന്ന കാലം പടർത്തുമിരുളിലും
മാറാത്തതൊന്നേയതു നിന്റെ സൗഹൃദം!

മൗനവേദനകൾ

കവിത



കുഞ്ഞച്ചൻ മത്തായി

കാലം എഴുതിയ നൊമ്പരങ്ങൾ മായാത്ത മഷിയാൽ
ഹൃദയത്തിൽ ചിങ്ങത്തിൽപൂതുമോഹങ്ങളെല്ലാം
തുലാവർഷത്തിൽ ഒലിച്ചുപോയി

പള്ളിമുറ്റത്തെ ചെമ്പരത്തിപ്പൂവ് ഇന്നലെവിരിഞ്ഞു
ഇന്നുകൊഴിഞ്ഞു വേദപാഠം പഠിച്ച
കുരുന്നുകൾ വലുതായി വഴിമാറി പോയി

അൾത്താരയിൽകൊളുത്തിയമെഴുകുതിരി
കാറ്റിലണഞ്ഞിരുളായി
അന്നുവിസിൽമുഴക്കിയബാല്യങ്ങൾ
ഇന്നുവിദേശത്ത്തിരക്കിലായി.


കാർമേഘം പോലെ ജീവിതം മൂടി മിന്നലായി
വന്നു മറഞ്ഞു ചിലർ ചുവന്ന കർട്ടനും
പിന്നിൽ ഒളിപ്പിച്ച സ്വപ്നങ്ങളെല്ലാം പഴങ്കഥയായി

നേർവഴിക്ക് നടത്താൻ നോക്കിയിട്ട് വഴിതെറ്റി
പോയ കാലമേ ലില്ലിക്കുട്ടി പൂവണിഞ്ഞ
പുലരി ഓർമ്മയിൽ മാത്രം ബാക്കിനിൽപ്പായി

അങ്ങോട്ടു പോയ വാഹനങ്ങൾ പോലെതിരികെ
വരാത്തബന്ധങ്ങളുണ്ട് ഹൈവേയിൽ ചിതറി
വീണ മോഹം വാരി കൂട്ടാൻ ആകാതെ പോയി

കണ്ണുനീർ പുഴയായ് ഒഴുകിയ രാവ് കാലംതുടച്ചു
വരണ്ടുപോയിഎങ്കിലുംനൊമ്പരംതീരുന്നില്ല
കാലമെഴുതിയ അക്ഷരങ്ങൾ പോലെ

ഹൃദയചുമരിൽആഴത്തിൽപതിഞ്ഞ
തീരാനൊമ്പരമായിന്നുംബാക്കി ..!



മാർഗരീറ്റാ, എന്തഴകാണീക്കടൽ?



ഉണ്ണികൃഷ്ണൻ കളമുള്ളതിൽ
Ph: 9400317472

അധികാരത്തിന്റെ മിനുത്ത അകത്തളങ്ങളിൽ
പൊടിപിടിച്ച കണ്ണാടികൾ ഉടയുന്നു;
അതിർത്തി കാക്കുന്ന കനത്ത മതിലുകൾക്കപ്പുറം
കാറ്റുപോലെ പടരാൻ കൊതിച്ചവർ
മറവിയുടെ വലിയ തടാകങ്ങളിൽ
മുങ്ങിപ്പോയ സ്വപ്നങ്ങളെ തിരയുന്നു.
പഴയ തടവറയുടെ വെളിച്ചമില്ലാത്ത ഇടനാഴികളിൽ
കാലത്തിന്റെ ചിതറിയ നിഴലുകൾ
ഓരോ കാൽവെപ്പിലും വഴുതി വീഴുന്നു.
ശരീരം മറന്ന വസ്ത്രങ്ങളുടെ ഭാരം ചുമന്ന്
അധികാരത്തിന്റെ വഴികൾക്കെതിരെ നാം നടക്കുമ്പോൾ,
നിശ്ശബ്ദരാവാതിരിക്കലാണ് നമ്മുടെ ഏറ്റവും മൂർച്ചയുള്ള ആയുധം.
വരണ്ട മരുഭൂമിയിൽ നടക്കുമ്പോൾ
ഒരു മഴത്തുള്ളി പതിക്കുന്നപോലെ,
കോലാഹലങ്ങൾക്കിടയിലൂടെ റൂബൻ ഡാരിയോവിന്റെ
ഒരു പഴയ പാട്ട് കേൾക്കുന്നു;
*മാർഗരീറ്റാ, എന്തഴകാണീക്കടൽ?
വായിക്കാനെടുത്ത പുസ്തകത്തിന്റെ അവസാന താളിൽ
ആരോ എഴുതിച്ചേർത്തിരിക്കുന്ന ഒരു വാചകം കാണാം:
ചരിത്രം ഉറങ്ങുന്നത് സിംഹങ്ങളുടെ മടയിലല്ല,
ഓർമ്മകളായി ചിതറിയ അജ്ഞാതരുടെ വഴിയിലാണ്.

കവിത

* നിക്കരാഗൻ നോവലിസ്റ്റ് സെർജിയോ
റാമിറെസിന്റെ നോവലിന്റെ പേര്





വി.പി.ജോൺസ്
9349966302

ഒരു തിരക്കഥാകൃത്തിന്റെ മോഹഭംഗം

കള്ളുഷാപ്പിലെ ഒറ്റബെഞ്ചിൽ അടങ്ങിയൊതുങ്ങി ഒരുമയോടെ ഇരുന്നുകൊണ്ടാണ് അവർ അഞ്ചുപേർ ചേർന്നു സിനിമാനിർമ്മാണത്തെക്കുറിച്ച് ഗഹനമായി ചർച്ചചെയ്യാൻ തുടങ്ങുന്നത്. ഷഹനാസ് കുമ്പളങ്ങി എന്ന തിരക്കഥാകൃത്ത്, തരക്കേടില്ലാത്തവണ്ണം പ്രശസ്തിയിലേക്കു കുതിച്ചുപാഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്ന യോഹന്നാൻ ആറങ്ങോട്ടുകര എന്ന ശാന്തഗംഭീരനായ യുവസംവിധായകൻ. അയാളുടെ ഉറ്റ സിൽബന്തിയും, ക്ലാസ്സ്മേറ്റും അയാളെ ലോകത്തിലേക്ക് വച്ച് ഏറ്റവും മുന്തിയ സംവിധായകനായിക്കരുതി ആരാധിച്ചുപോരുന്ന ആളുമായ സംവിധാനട്രെയിനി ജീവൻകുമാർ അത്തിപ്പറ്റ; പിന്നെ പണത്തിനു നാണയമിറക്കുന്ന ഗൾഫ് റിട്ടേണിയും, പഴയ എഴുത്തുകാരൻ എന്ന മേനി നടിക്കുന്ന വിദ്വാനുമായ ശ്രീ.ഗോപകുമാരവല്ലഭനും. അല്പം വൈകിമാത്രമാണ് പറന്നെത്തിയതെങ്കിലും സിനിമാ പിടുത്തത്തിന് തീർത്തും അനിവാര്യൻ എന്നു പരക്കെ അറിയപ്പെടുന്ന പ്രശസ്ത ക്യാമറാമേൻ ചിദാനന്ദൻ ചിറക്കാക്കോടും, അവർക്കൊപ്പം ശ്രീ. ഗോപകുമാരവല്ലഭൻ അവർകളുടെ ഫിനാൻസ് മാനേജർ എന്ന തസ്തികയിൽ സേവനമനുഷ്ഠിക്കുന്നദേഹം ഒരു നിശ്ശബ്ദ കഥാ പാത്രം മാതിരി, എങ്ങും തൊടാതെ, മറ്റുള്ളവരുടെ നീക്കങ്ങളെ സശ്രദ്ധം സൂക്ഷ്മദൃഷ്ടിയോടെ അവലോകനം ചെയ്തുകൊണ്ട് ഒരു ഒഴിഞ്ഞ ഇടത്തിൽ തികച്ചും അപ്രധാനനായി കഴിച്ചുകൂട്ടുകയും ചെയ്യുന്നുണ്ട്. മദ്യം കൈക്കൊണ്ട് തൊടുകപോലും ചെയ്യാത്ത ഒരു സാധു ടീ ടോട്ട്ലർ.

ആകെ ശബ്ദരഹിതമായ ഒരന്തരീക്ഷത്തിലാണ് ഗൗരവപൂർണ്ണമായ ചർച്ചയുടെ സമാരംഭം.

ചുറ്റുപാടും മറ്റു കുടിയന്മാർ ആരുംതന്നെ ഇല്ലായി രുന്നു. സിനിമാക്കാർക്കുവേണ്ടി മാത്രം പ്രത്യേകം സജ്ജീകരിക്കപ്പെട്ട ഒരു അപരാഹ ഷാപ്പായിരുന്നു അത്.

മറയൊന്നും കൂടാതെ ഇടയാറന്മുള ഷാപ്പിലെ പൊടിമീൻകറി തൊട്ടു കൂട്ടിയും, ഒരു ഫുൾ ഗ്ലാസ്സ് ചെത്തുകള് ശ്വാസംവിടാതെ ഒറ്റയടിക്കു തൊണ്ട തൊടാതെ ഗുളു ഗുളു വിഴുങ്ങിയും ഷഹനാസ് കുമ്പളങ്ങി ചർച്ച തുടങ്ങിവെക്കുന്നു:

കഥാകൃത്ത് വെളുക്കനെ കഥ പറയാൻ ആരംഭിച്ചു:-

-കഥ തുടങ്ങുന്നത് ഹൈറേഞ്ചിൽ കഞ്ചാവു കൃഷിക്കായി നിയോഗി തനായ കുഞ്ഞപ്പൻ കുഞ്ഞുരാമൻ എന്ന അരോഗ ദൃഢഗാത്രനായ മല്ലന്റെ മനോതലത്തിൽ നിന്നുമാണ് കഥ ആരംഭിക്കുന്നത്. അയാൾ താനറിഞ്ഞുകൊണ്ട് ഈ സാഹസകൃത്യത്തിന് സ്വമേധയാ മുന്നോട്ടുവരുന്നതല്ല. അയാൾക്കു സ്വന്തമെന്നു പറയാൻ ഒരു കുടുംബമോ, കുഞ്ഞുണ്ണിമാഷ് പറയുന്നതുപോലെ കുട്ട്യോളോ, മറ്റു പ്രാരാബ്ദങ്ങളോ ഒന്നുതന്നെയില്ലായിരുന്നു. അക്കാര്യം പ്രത്യേകം സൂചിപ്പിക്കേണ്ടതായിട്ടില്ല. അതു വഴിയെ വായന ക്കാർ സ്വയം ഗ്രഹിച്ചുകൊള്ളും.

കുഞ്ഞപ്പന് മറ്റൊരു സവിശേഷതയുമില്ല. നന്നായി ആഹാരം കഴിക്കണം. വയറു നിറയെ മദ്യവും കഴിക്കണം. അതു കിട്ടിയാൽപ്പിന്നെ ഒന്നുമറിയാതെ കണ്ണുംമൂടി അന്തംവിട്ടു സുഖമായി ഒന്നുറങ്ങണം!

ഇളം പകലുമുതൽ സന്ധ്യയാകുംവരെ പോത്തിനെപ്പോലെ കഠിനമായി പണിയെടുക്കും. അതിനു തക്ക പ്രതിഫലവും കിട്ടണം. അതിൽ ഒരുവിധ വിട്ടുവീഴ്ച്ചയുമില്ല. കിട്ടുന്നതു മുഴുവൻ തിന്നണം. കുടിക്കണം. മറ്റു വിഷയ ങ്ങളിലൊന്നും അശേഷം താൽപര്യമില്ല. പ്രത്യേകിച്ചും പെണ്ണുവിഷയത്തിൽ. ഒട്ടുമേ കമ്പവുമില്ല. മറ്റൊരു ദുശ്ശീലവും തൊട്ടുതീണ്ടിയിട്ടില്ലാത്തതിനാൽ കുഞ്ഞപ്പനെ ഒരാൾ കണ്ണുവെയ്ക്കുന്നു. നാട്ടിലെ കരപ്രമാണിയും ഇടപ്രഭുവും ലോകമലയാളത്തിൽ യഥേഷ്ടം പിടിപാടുമൊക്കെയുള്ള ആളുമായ സാക്ഷാൽ നടുപുരയ്ക്കൽ ബഹുമാനപ്പെട്ട ശയനാനന്ദൻ തിരുവടികളായിരുന്നു കുഞ്ഞപ്പനെ കണ്ണഞ്ചിപ്പിക്കുംവിധം നോട്ടമിട്ടുകളഞ്ഞത്.

ഈ കുഞ്ഞപ്പൻ വെറുമൊര് മഠയ ശിരോമണിയല്ലോ? യെവനെയൊന്ന് കയ്യിലെടുത്തേച്ചാൽ പിടിപ്പതു വരുമാനമൊണ്ടാക്കാം. വയറു നിറയെ കള്ളും തീറ്റിയും കൊടുത്താപ്പോരായോ? ഇച്ചരെ ചില്ലാനം കൊടുത്തേച്ചാമതി. ഞാറ്റു വേലിയ്ക്കലെ ആ പത്തേക്കറു വനഭൂമിയിൽ കഞ്ചാവുചെടി നട്ടുപിടിപ്പിച്ചേച്ചാൽ പിന്നെ ഈ നാടുമൊത്തമായി ഈ ശയനാനന്ദന്റെ കയ്യിൽ വന്നു വീഴത്തില്ലായോ? ശയനാനന്ദൻ എന്ന മഹാധനികപുരുഷനെ കണ്ടാൽ ഭയപ്പെടുകേം പ്രീണിപ്പിക്കാൻ ത്വരകൊള്ളുകേം ചെയ്യുന്നവരല്ലയോ നാടുമുഴുവൻ; പൊന്നാക്കാൻ ഒരുമ്പെട്ട് ഇറങ്ങിപൊറപ്പെട്ടിട്ടൊള്ള എല്ലാ മാന്യമഹാജന ങ്ങളും?

ഇതിനിടക്ക് ഒരുനാൾ സുപ്രഭാതത്തിൽ തന്റെ മുമ്പിൽ മുഖം കാണിക്കാനെത്തിയ കുഞ്ചപ്പനെക്കണ്ട് ശയനാനന്ദൻ തിരുവടികൾ ആശ്ചര്യകഞ്ചുകിതനായി. അനന്തൻ മഹാമനസ്കനായി വാത്സല്യപുരസ്സരം ആരായുകയാ .

എന്നതൊക്കെയൊണ്ട് കുഞ്ഞപ്പാ നാട്ടു വിശേഷങ്ങള്? സുഖം തന്നെ യല്ലോ നെനക്ക്? നെന്നെയൊന്ന് കാൺമാൻ തക്കം കാത്തിരിക്കുവാരുന്നു ഞാൻ. തേടിയ വള്ളി കാലേൽ ചുറ്റിയ മട്ടായില്ലോ ഇപ്പം?

എന്നതാ ഒടയതേ കാര്യം?

“പിന്നെ അടിയങ്ങൾക്കൊക്കെ എന്നതാ സൊഖം അങ്ങുന്നേ?‘

“നെന്നെക്കൊണ്ട് നമുക്കൊര് കാര്യോം ണ്ട് കുഞ്ഞപ്പാ‘.

പിന്നെ എന്നാ “ങാ... എന്നതാന്ന് പറഞ്ഞോണ്ടാ മതിയങ്ങുന്നേ ത്തിനാ ഈ മൊഖവരേമൊക്കെ‘. കാശു കിട്ടുന്ന പണിയാണേൽ കുഞ്ചപ്പൻ എന്നാത്തിനും ഒരുക്കമാന്നേ....‘

ശയനാനന്ദൻ ഇക്ഷണം കാര്യമായി ഒന്നു പരതിനോക്കി. ചുറ്റുവട്ടത്ത് ആരോരുമില്ലെന്ന് ഒറപ്പു വരുത്തി. ശേഷം തുടർന്നു.

നൊമ്മടെ കെഴക്കെ അതിർത്തി ഒണ്ടല്ലോ. ഇല്ലേ, നിരോധിത മേഖലയായ ഒഴുക്കാംപാറ. യെവടെയൊള്ള വനഭൂമിയേൽ അസെല്പം കൃഷി തൊടങ്ങിയേച്ചാ കൊള്ളാമെന്നൊണ്ട്. നമുക്ക് സ്ഥലമൊക്കെ പിടിപ്പതു കൊള്ളാമല്ലോ. അങ്ങുന്നേ? ആരേ

ലും പക്ഷേ അന്വേഷിച്ചേലും വരത്തില്ലായോ...?

ശയനാനന്ദനു അതത്ര പിടിച്ചതില്ല. അതിനിപ്പം നീയെന്നതിനാടാ ബേജാറാകുന്നത്? അറിയാൻ മേലാണ്ട് ചോദിക്കുവാ. അതൊക്കെ നമ്മള് നോക്കത്തില്ലായോ. നീ നിന്റെ പണി ചെയ്തോണ്ടാമതി. എന്നാത്തിനാ നീ തോക്കേൽ കേറി വെടിവെക്കുന്നത്?"

"എന്നാ കൃഷിയാ ഒടയതേ ചെയ്യാൻ പോകുന്നേ?' കുഞ്ചപ്പൻ ആകാംക്ഷയോടെ തിരക്കി.

"- ഇപ്പം കഞ്ചാവിനല്ലോടാ മാർക്കറ്റ്?"

"ങാ... ആന്നേ....'

"നെനക്ക് എന്നതാ വേണ്ടതെന്ന് പറഞ്ഞോണ്ടാമതി. എറച്ചീം മീനും എന്നു വേണ്ടാ എന്തും നെനക്കു വയറുനിറച്ചു ഫുള്ളാ കിട്ടും. അന്തിയാവുമ്പം പള്ളനിറച്ചേച്ചും കള്ളും മോന്താം. ചിലപ്പോ വിദേശിയനും കിട്ടാതിരിക്കത്തില്ല. കൈനിറയെ പണോം കിട്ടും. നല്ലവണ്ണം ചിന്തിച്ചേച്ചും ആലോചിച്ചേച്ചു മൊക്കെ സമ്മതം മൂളിയേച്ചാമതി.'

ഒടൻ ഒട്ടും കാലവിളംബമെന്യേ കുഞ്ചപ്പൻ തിരിച്ചുരിയാടുന്നു.

"- ഇതിലിപ്പം എന്നതാ ആലോചിക്കാനുള്ളത് അങ്ങുന്നേ... കുഞ്ചപ്പനിപ്പംതന്നെ തയ്യാറാന്നേ."

ശയനാനന്ദൻ തിരുവടികൾക്കൊണ്ടായ ആനന്ദത്തിന് അതിരില്ലായെന്നേ പറയാവൂ. ഹർഷപുളകിതനായിം അങ്ങേർക്ക് ഉള്ളു നിറഞ്ഞു തുളുമ്പിയിട്ടുള്ള സന്ദർഭങ്ങൾ തുലോം വിരളമാണെന്നല്ലോ പറേണ്ടു?'

അകമേ അയാൾ കിടന്നു തുള്ളിച്ചാടി.

ഒരു വാരം കഴിഞ്ഞിട്ടൊണ്ടാവും കുഞ്ചപ്പനെ കൃഷിയേൽ സഹായിക്കാൻ ആജാനബാഹുക്കളായ പത്തിരുപത്തഞ്ചു പൊണ്ണത്തടിയന്മാരെ ശയനാനന്ദൻ മൊതലാളി പണം വാരിപ്പൊലിച്ചുകൊണ്ടു പരദേശത്തുന്ന് എറക്കുമതി ചെയ്യുവേം ചെയ്തു. സ്വന്തം ദേശത്തു നിന്നു ഒരൊറ്റയെണ്ണത്തിനുപ്പോലും എറക്കിയതില്ല. സ്വന്തം നാട്ടുകൂട്ടത്തേൽ മൊതലാളിക്ക് അത്രേം വിശ്വാസമല്ലാ രുന്നോ?

പൊടുന്നനെ സംവിധായക പ്രതിഭ കഥ കേട്ടുകൊണ്ടിരിക്കെ പ്രതിഭ ഉദ്യേ ഗഭരിതനായി ഇങ്ങനെ ആരാഞ്ഞു:-

"- പിന്നീട് എന്നതാടാ ഒണ്ടാകുന്നത്? ഒന്നു വേഗമങ്ങോട്ടു പറഞ്ഞുതൊല ?."

-തിരക്കഥാകൃത്തിനെ (തടസ്സം കൂടാതെ) സ്വൈര്യമായി കഥപറയാൻ അനുവദിക്കേണ്ടതല്ലിയോ സാറേ?'

നിർമ്മാതാവ് ഇടക്കുകയറി മാന്യമായങ്ങു കോറി.

താൻ ചുമ്മാ ഇരിക്കുന്നുണ്ടോടോ അവ്ടെ? എങ്ങ്?

ക്ഷുഭിതനായി സംവിധായകൻ ഒച്ചവച്ചു. തിരക്കഥാകൃത്തും സംവിധായകനും തമ്മിലായൊള്ള വിഷയം. ചോദ്യവും ഉത്തരവും പരസ്പരം ഞങ്ങളു തമ്മില ങ്ങോട്ടായ്ക്കോളാം. താൻ ചുമ്മാ കേട്ടോണ്ടിരുന്നാമതി, സ്വസ്ഥമായേച്ചും.

നിർമ്മാതാവിന്റെറെ ചോരയങ്ങോട്ടു തിളച്ചു.

"- അതെന്നതാടോ താൻ ചുമ്മാ പൊലമ്പുന്നേ? ങേ? കാശ് മൊടക്കണ പടമൊതലാളി വെറുമൊര് മന്ദബുദ്ധിയാന്നാന്നോ എന്നോ താൻ കരുതീത്? ആന്നോ? അങ്ങനെയാന്നോ തന്റെ ഭാവം? ഏങ്ങ്?'

-ലഹരി മൂത്തു മത്തുപിടിച്ച കുമാരപുരത്തിനു കോപം ഇരച്ചുകയറി.

അതുകണ്ടിട്ട് അസ്വസ്ഥനായ പ്രൊജക്ട് അഡ്വൈസർ ശരണ്യൻ അവ നമ്രശീർഷനായി യജമാനൻ കുമാരപുരത്തിന്റെ വസ്ത്രത്തിന്റെ തുമ്പേൽ പതിയെ ഒന്നു തൊട്ടു. തുടർന്ന് ആംഗ്യഭാഷയിൽ ഇവ്വണ്ണം ബോധിപ്പിച്ചു.

സാാാറേ..... യെവര് പറയട്ട് സാറേ.....

ആശ്രിതന്റെ ഉപദേശം കുമാരപുരത്തെ പ്രകോപിപ്പിച്ചു.

ഫ... എരണംകെട്ട കോമാളി... ചുമ്മാതിരിയെടോയവ

-യെവനൊക്കെ എന്നതാ വിചാരിച്ചേ? ആരാന്റെ പണത്തേൽ കിടന്നു തുള്ളി ച്ചാടി എന്തുവേണേലും പൊലമ്പാമെന്നോ? ഏങ്ങ്? പൈസ തൊലക്കണവന് ഒന്നും പറയാൻ ഒക്കുകേലാന്നോ?

താൻ എന്റെ ഫിനാൻസ് മാനേജർ മാത്രമല്ലോടൊ മിണ്ടാപ്രാണി? ഞാൻ എന്നതാ പറയുന്നേ എന്നതുമാത്രം താൻ കേട്ടോണ്ടാ മതി. മാസാ മാസം ചക്രം എണ്ണിത്തരുന്നവൻ കല്പിക്കുന്നതു കേട്ടോണ്ടാ

മതി.

തൽക്ഷണം പരമസാധു ശരണ്യൻ മൗനത്തിലേക്കുതന്നെ വീണ്ടും നിപതിച്ചു.

അനന്തരം കുമാരപുരം അങ്ങേയറ്റം രോഷാകുലനായി തിരക്കഥാകൃത്തിനോടു കല്പിച്ചു.

താൻ വേഗം പറഞ്ഞുതുലയ്ക്കെടോ തന്റെ കഥ മുഴുവൻ. എനിക്കും അല്പസ്വല്പം താല്പര്യമൊള്ള ഒരു വിഷയമല്ലോ തന്റെ കഥയുടെ തീം? നൊമ്മടെ തൊടക്കോം ഈ കഥേമായി ഇച്ചരെ പൊക്കിൾക്കൊടി ബന്ധ മൊള്ളതാന്ന് കൂട്ടിക്കോടോ...

കുമ്പളങ്ങി ഈ സമയം സാദരം സംവിധായകനെ ഏറുകണ്ണിട്ടു ഒന്നു നോക്കിപ്പോയി.

സംവിധായകന്റെ മുഖം വീർത്തുകെട്ടിയും കണ്ണുകൾ കണ്ണുദീനംവന്നതുപോലെ ചുവന്നു, ചുണ്ടുകൾ വിറപൂണ്ടും കാണപ്പെട്ടു.

അയാൾ തീർത്തും അക്ഷമനാണ്.

ഉത്തരക്ഷണത്തിൽ അയാൾ തൊണ്ടയപ്പാടെ തുറന്നുവച്ച് കോമരംപോലെ ഉറഞ്ഞുതുള്ളി.

നീയിനിയിപ്പം കഥ തുടങ്ങുകയൊന്നും ചെയ്യേണ്ടതില്ലെടോ കുമ്പള

ങ്ങി.

തുടർന്നു നിർമ്മാതാവിന്റെ മുഖത്തേക്കു തുറിച്ചുനോക്കി അയാൾ. ഒറ്റപ്പറച്ചിൽ അങ്ങോട്ടു വച്ചുകാച്ചുന്നു.

താനിനി മറ്റാരേലും പോയി നോക്കെടോ. എനിക്കു നിന്റെ പടത്തേൽ പണി ചെയ്യാൻ ഒട്ടും മനസില്ല. വേറെ ഏതെല്ലാം പീറസംവിധായകരെ വച്ച് പടം പിടിച്ചോണ്ടാ മതികേട്ടോ.

പിന്നീട് കുമാരപുരത്തിന് തെല്ലും നിയന്ത്രിക്കാനായില്ല. പ്രക്ഷുബ്ധചിത്തനായ അലറി.

'പോടാ....പോ.... പുല്ലേ. നീയൊന്നുമില്ലേൽ ഞാനീപടം പിടിക്കാനില്ലെന്നാണോ നീ വിചാരിച്ചിരിക്കുന്നേ? നിന്നേക്കാൾ മുന്തിയ സംവിധായകനെക്കൊണ്ട് ഞാനിത് പൂർത്തിയാക്കുകേം കൊള്ളാവുന്ന തിയ്യറ്ററുകളിൽ പ്രദർശിപ്പിക്കുകേം ചെയ്യും.'

നിർമ്മാതാവിന്റെ വെല്ലുവിളിയിൽ ക്ഷിപ്രക്ഷുഭിതനായ യോഹന്നാൻ ആറങ്ങോട്ടുകര രംഗത്തു നിന്ന് നിഷ്ക്രമിക്കാൻ വട്ടം കൂട്ടുന്നതുകണ്ടപ്പോൾ കുമാരപുരത്തിന്റെ ക്രോധം പതിന്മടങ്ങ് വർദ്ധിച്ചു.

അയാൾ സ്വരം അശേഷം മയപ്പെടുത്താത്തതെന്നെ തിരകഥാകൃത്തിനോട് നിർദ്ദേശിച്ചു.

'താൻ കഥ പൂർത്തിയാക്കാടോ കുമ്പളങ്ങി!'

ഇപ്പോൾ ഷഹനാസ് അർദ്ധമനസ്സോടെ കഥ മുഴുമിപ്പിക്കാൻ തയ്യാറായി.

എങ്കിലും അയാളുടെ ഹൃദയമിടിപ്പു അനുനിമിഷം ഇരട്ടിച്ചു വരുന്നതുകാണാം.

ഇപ്പോൾ വളരെ പൊടുന്നനെയാണ് അത് സംഭവിച്ചുപോകുന്നത്.

സംവിധായകന്റെ വലംകൈ നൊടിയിടയിൽ ഉയർന്നുപൊങ്ങുന്നു. തിരക്കഥാകൃത്തിന്റെ മുഖമടച്ചു അയാൾ ഒരൊറ്റയടി. കുമ്പളങ്ങിയുടെ കണ്ണുകൾ മഞ്ഞളിച്ചുപോയി. യാദൃച്ഛികമായ ആക്രമണം അയാൾ തീരെ പ്രതീക്ഷിച്ചിരുന്നില്ലല്ലോ. ഇരുവരും തമ്മിൽ അന്യോന്യം ഏറ്റുമുട്ടുന്നതും ഭീമ-ബകന്മാരെപ്പോലെ കടിച്ചു കീറാൻ മുതിരുന്നതും കണ്ട് കുമാരപുരവും ഫിനാൻസ് മാനേജരും നിശ്ചലരായിരിക്കേ ഒടുവിൽ ഷാപ്പു മാനേജരും കൂട്ടുജീവനക്കാരും പാഞ്ഞുവന്നു ഇടപെടുക വഴിയാണ് കൂടുതൽ അലമ്പുകളൊന്നും സംഭവിക്കാതെ പോയത്.

ഏതായാലും കുമാരപുരത്തിന്റെ സിനിമാനിർമ്മാണമോഹം അതോടെ അട്ടത്തുകയറി. ശ്രീ.കുമ്പളങ്ങിയുടെ സ്വപ്നസാഫല്യത്തിന്റെ കടയ്ക്കലാണ് യോഹന്നാൻ ആറങ്ങോട്ടുകരയിലെ കശ്മലൻ കത്തി കുത്തിയിറക്കിയിരിക്കുന്നത്.

സുബോധം നഷ്ടപ്പെട്ട നിലയിൽ ഇരുകരംകൊണ്ടും കുമാരപുരവും സഹചരനും ചേർന്ന് അയാളെ കാറിൽ കൊണ്ടുകിടത്തി.

പാതിലഹരിയിൽ കുമ്പളങ്ങി പറഞ്ഞു. ഞാൻ തന്നെ കഥയും സംവിധാനവും ചെയ്തുതരാം ട്ടോ സാറേ.

ഇനി സിനിമാപിടുത്തമൊന്നും തൽക്കാലം ഞാൻ ഉദ്ദേശിക്കുന്നില്ല. നീ നിന്റെ പാട്ടിനുപോടോ കുമ്പളങ്ങി.

കുമ്പളങ്ങിയുടെ സങ്കടം എങ്ങനെയാ ഊഹിക്കാനാവുക? അല്ലോ?

വെളിച്ചമില്ലാത്ത വഴിയിലെ വെട്ടം



അനിൽ മണ്ണത്തൂർ

ശേഖരൻ മാഷിന് ഈ നഗരത്തോടുള്ള പഴയ അടുപ്പമൊക്കെ അടങ്ങിയിരുന്നു. റിട്ടയർമെന്റിനു ശേഷം കോൺവെന്റ് റോഡിലെ ആ ഇടുങ്ങിയ വാടകമുറിയിൽ ഒറ്റയ്ക്കായതു മുതൽ, മൗനം അദ്ദേഹത്തിന്റെ നിഴലായി കൂടെയുണ്ട്.

രാവിലെ ആറരയ്ക്ക് ഉണർന്നാൽ, പഴയ അലുമിനിയം കെറ്റിലിൽ ചായവെക്കുകയാണ് ആദ്യ പണി. അതുകഴിഞ്ഞ് മുന്നിലെ ചെറിയ ബാൽക്കണിയിലേക്ക് കസേര വലിച്ചിടും. താഴെ തിരക്കുപിടിച്ചു പോകുന്ന ലോറി ഹോണുകളും സ്കൂൾ ബസുകളുടെ ഇരമ്പലുകളും മാത്രമാണ് കേൾക്കുന്നത്. ആരും അദ്ദേഹത്തെ നോക്കാനില്ല, ആരുടെയും കണ്ണിൽപ്പെടാനുമില്ല. ഒരു വലിയ ജനക്കൂട്ടത്തിന് നടുവിലിരുന്ന് അദൃശ്യനാകുക എന്ന അവസ്ഥയുണ്ടല്ലോ, അതായിരുന്നു ശേഖരൻ മാഷിന്റെ ജീവിതം.

മുൻപൊക്കെ സ്കൂളിൽ കുട്ടികളുടെ ബഹളവും മാഷന്മാരുടെ വർത്തമാനങ്ങളുമായിരുന്നു. കർക്കശക്കാരനായ ഗണിതശാസ്ത്ര അധ്യാപകനെന്ന് പേരുണ്ടായിരുന്നെങ്കിലും, വൈകുന്നേരങ്ങളിൽ ബാങ്ക് ജങ്ഷനിലെ ചായക്കടയിലെ ബെഞ്ചിലിരുന്ന് രാഘവേട്ടനോടും കുഞ്ഞപ്പനോടും ഒപ്പം രാഷ്ട്രീയവും കൃഷിയും സംസാരിക്കാതെ അദ്ദേഹത്തിന് ഉറക്കം വരില്ലായിരുന്നു. ആ കൂടിച്ചേരലുകൾ ഇന്നൊരു വ്യാമോഹം മാത്രമാണ്.

അന്ന് വൈകുന്നേരം നല്ല മഴയായിരുന്നു. നഗരത്തിലെ ടാർ റോഡുകൾ വെള്ളം കയറി കിടക്കുന്നു. വാടകമുറിയിലെ ഒറ്റപ്പെട്ട ഇരുപ്പും നാലു ചുവരുകളും മാഷിന് ശ്വാസംമുട്ടലുണ്ടാക്കി. അങ്ങനെയാണ് കുടയും ചൂടി അദ്ദേഹം നടക്കാനിറങ്ങിയത്. ബസ് സ്റ്റാൻഡിന് സമീപമുള്ള വലിയ ഹൈപ്പർ മാർക്കറ്റിന്റെ തിളങ്ങുന്ന വെളിച്ചം കണ്ട് അദ്ദേഹം അവിടെ കയറി.



ചുറ്റും ചെറുപ്പക്കാരായ ആൺകുട്ടികളും പെൺകുട്ടികളും എന്തൊക്കെയോ തിരക്കിൽ വാങ്ങിക്കൂട്ടുന്നു. തലയിൽ ഹെഡ്ഫോൺ വെച്ച് ഫോണിൽ സംസാരിച്ചുകൊണ്ട് നടന്നുപോകുന്ന ഒരാൾ പെട്ടെന്ന് മാഷിന്റെ ദേഹത്ത് തട്ടി. 'സോറി അങ്കിൾ' എന്ന് തിരിഞ്ഞുനോക്കാതെ അയാൾ തിരക്കിട്ട് നടന്നുപോയി. മാഷ് അല്പം പരുങ്ങി നിന്നു. ആ വലിയ കടയിൽ അദ്ദേഹം തികച്ചും അപരിചിതനും അനാഥനുമായിരുന്നു. ആരും അദ്ദേഹത്തെ കണ്ടതേയില്ല.

വിലകൂടിയ സാധനങ്ങൾ വെച്ച ഷെൽഫുകൾക്കിടയിലൂടെ നടക്കുമ്പോൾ, ഒരു ചെറിയ പെൺകുട്ടി നിലത്തിരുന്ന് കരയുന്നത് മാഷുടെ ശ്രദ്ധയിൽ പെട്ടു. ഏഴോ എട്ടോ വയസ്സ് കാണും. അമ്മയുടെ കൈപിടിച്ചു വന്ന കുട്ടി തിരക്കിനിടയിൽ പെട്ട് വഴിതെറ്റിപ്പോയതാണ്. ചുറ്റും കൂടിനിൽക്കുന്നവരിൽ പലരും ഫോണിൽ വീഡിയോ പകർത്താൻ നോക്കുന്നുണ്ടായിരുന്നു.

ശേഖരൻ മാഷ് പതിയെ ആ കുട്ടിയുടെ അരികിൽ ചെന്നു. അവളുടെ തലയിൽ മെല്ലെ തൊട്ടു. പഴയ മാഷിന്റെ ഗൗരവമുള്ള ശബ്ദത്തിൽ അദ്ദേഹം ചോദിച്ചു:

'മോൾക്കെന്താ പറ്റിയത്? പേടിക്കണ്ട, മാഷില്ലേ ഇവിടെ.'

കുട്ടി മുഖമുയർത്തി അദ്ദേഹത്തെ നോക്കി. ആ മുഖത്ത് ഒരു ആശ്വാസം നിഴലിച്ചു. മാഷ് കുട്ടിക്ക് കൈകൊടുത്തു. പിന്നീട് കടയിലെ അനൗൺസ്മെന്റ് കൗണ്ടറിൽ ചെന്ന് അലറുന്ന തിരക്കിനിടയിൽ നിന്ന് അവളുടെ അമ്മയെ കണ്ടെത്തിക്കൊടുത്തു.

അമ്മ കുട്ടിയെ വാരിയെടുത്ത് കണ്ണീരോടെ മാഷിന് നന്ദി പറഞ്ഞു. 'അയ്യോ സാർ, സമയത്ത് സഹായിച്ചില്ലായിരുന്നെങ്കിൽ ഞാൻ എന്തു ചെയ്യുമായിരുന്നു...'

മാഷ് ഒന്നും പറഞ്ഞില്ല. ചെറുതായി ഒന്ന് പുഞ്ചിരിച്ചു.

തിരിച്ച് വാടകമുറിയിലേക്ക് നടക്കുമ്പോൾ ആ മഴയ്ക്കും തണുപ്പിനും വല്ലാത്തൊരു സുഖമുള്ളതായി അദ്ദേഹത്തിന് തോന്നി. നഗരത്തിന്റെ ബഹളത്തിനിടയിലും തനിക്കൊരു മുഖമുണ്ടെന്ന്, താനൊരാൾക്ക് ആശ്വാസമായെന്ന് ആ ചെറിയ സംഭവം മാഷിനെ ഓർമ്മിപ്പിച്ചു. വാതിൽ തുറന്ന് അകത്തുകയറി ലൈറ്റ് ഇട്ടപ്പോൾ മുറി അത്ര ഇരുണ്ടതായി തോന്നിയില്ല. മേശപ്പുറത്തിരുന്ന പഴയ ഡയറിയും പേനയും എടുത്തു അദ്ദേഹം കുറിച്ചു:

'ആളുകൾ തിങ്ങിനിറഞ്ഞ നഗരത്തിൽ ഏകാന്തതയുടെ കറുത്ത തുരുത്തിലായിരുന്നു ഞാൻ; ഒരു കുട്ടിയുടെ കണ്ണീരൊപ്പിയപ്പോഴാണ് ജീവിതത്തിന് വീണ്ടും വെളിച്ചം വീണത്.'



ഗ്രാമീണക്കൂട്ടുകാരും മാമ്പഴവും

മുഹമ്മദ് മുണ്ടക്കോട്

പാലക്കാടൻ അതിർത്തിയിലെ ഒരു ചെറിയ ഗ്രാമം. പച്ചപ്പു നിറഞ്ഞ പാടശേഖരങ്ങൾക്കും കുളിർകാറ്റു വീശുന്ന തോടുകൾക്കും നടുവിലാണ് അപ്പുവിന്റെയും കണ്ണന്റെയും വീടുകൾ. രണ്ടുപേരും ഒരേ സ്കൂളിൽ, ഒരേ ക്ലാസിൽ പഠിക്കുന്ന കൂട്ടുകാർ.

ഒരു ദിവസം ഉച്ചകഴിഞ്ഞ് സ്കൂൾ വിട്ടു വരുമ്പോൾ വഴിയിലെ വലിയൊരു മാവിന്റെ ചുവട്ടിൽ അവർ നിന്നു. ആ മാവിൽ കായ്ച്ചുനിൽക്കുന്നത് നാടൻ പച്ചമാങ്ങകളാണ്. ആരെയും കൊതിപ്പിക്കുന്ന ആ മാങ്ങകൾ കണ്ടപ്പോൾ അപ്പുവിന്റെയും കണ്ണന്റെയും വായിൽ വെള്ളമൂറി.

‘കണ്ണാ, നമുക്ക് ആ മാങ്ങ ഒന്ന് പറിച്ചാലോ?‘ അപ്പു ചോദിച്ചു.

‘പക്ഷേ, മാവ് ഗ്രാമത്തിലെ കേശവനാശാൻറേതല്ലേ? നമ്മളെ വഴക്കുപറയില്ലേ?‘ കണ്ണൻ സംശയത്തോടെ ചോദിച്ചു.

‘അദ്ദേഹം ഇപ്പോൾ ഉമ്മറത്തില്ല. നമുക്ക് പെട്ടെന്ന് പറിക്കാം,‘ അപ്പു ധൈര്യം സംഭരിച്ചു.

അപ്പു കല്ലെടുത്തെറിയാൻ തുടങ്ങിയതും, തൊട്ടടുത്ത പടിപ്പുരയിൽ നിന്ന് ‘ആരാത്?‘ എന്ന ശബ്ദം കേട്ടു. പേടിച്ചരണ്ട രണ്ടുപേരും ഓടാൻ തുടങ്ങി. എന്നാൽ ഓട്ടത്തിനിടയിൽ കണ്ണന്റെ ചെരിപ്പ് അഴണ്ട് താഴെവീണു.

കുറച്ചു കഴിഞ്ഞു ധൈര്യം സംഭരിച്ച് അവർ തിരിഞ്ഞു നോക്കിയപ്പോൾ, കേശവനാശാൻ കയ്യിൽ രണ്ടു മാമ്പഴവുമായി അവരുടെ അരികിലേക്ക് വരുന്നുണ്ടായിരുന്നു! കുട്ടികൾ ഭയത്തോടെ തല താഴ്ത്തിനിന്നു.

എന്നാൽ ആശാൻ ചിരിച്ചുകൊണ്ട് പറഞ്ഞു, ‘ഓടിക്കളയാൻ നല്ല മിടുക്കാണല്ലോ! മാങ്ങ വേണമെങ്കിൽ ചോദിച്ചു കൂടായിരുന്നേ? ദേഷ്യപ്പെടാനല്ല, ഞാൻ തരാൻ വേണ്ടി വന്നതാ.‘

അതു കേട്ട് അവർക്ക് ആശ്വാസമായി. ആശാൻ അവർക്ക് വലിയ രണ്ട് പഴുത്ത മാമ്പഴങ്ങൾ നീട്ടി. ആ മാമ്പഴത്തിന്റെ മധുരത്തേക്കാൾ വലുതായിരുന്നു ആ സ്നേഹത്തിന്റെ മധുരം. അന്ന് ആ മാവടിയിൽ വെച്ച് അവർ പരസ്പരം കൈകോർത്ത് ആ വർത്തമാനങ്ങൾ പങ്കുവെച്ചു.



കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

പുതുനാമ്പുകൾക്ക് സ്വാഗതം

സ്നേഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

മഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

അശോകേട്ടൻ
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച
94462 30972



അതിഥി രാജേഷ്
Std-5
ജിയുപിഎസ് വരടിയം



മിത്ര നാഥ് E.R, 8 ക്ലാസ്സ്,
അമൃത വിദ്യാലയം, അയ്യന്തോൾ



മാനസ്. ഒ ബാബു
8 B, V.H.S.S karalam



ഗായത്രി കെ.എം
5th. C
ബി.എസ്.എസ്.
ഗുരുകുലം,
ആലത്തൂർ

Never Judge

Safe as the sea,
But never forget the danger of the sea!
Good as a berry,
But all good things are as not good as you think!
Secretive as a snake,
But never forget a bird' s eye!
Fast as a fox,
But never forget the danger!
Lovely as an apple,
But an apple can be rotten inside!
Brave as a lion,
But death is your fear!
Pretty as a diamond,
But mean as a frog!
Little as a peanut,
But mighty as a dragon!
Tough as a rock,
But timid as a mouse!
Looks like someone,
But is the boss!
Never judge someone by their Looks-
You may not be aware of it-

Gowri G Nair
Garde 3
Gayathri Central School
Kayamkulam

എന്റെ ദേവത

ഭാവിയിലേക്കായി
പുഞ്ചിരിയാലെന്നും
എന്നുറക്കത്തിലെ
ദേവത ..
എൻ വാക്കുകളാൽ
മനസ്സിൽ കരിവീണവൾ,
മുഖത്ത് ഒരു പുഞ്ചിരി മാത്രം,
തൻ ദുഃഖങ്ങളെന്നും
തന്നിൽ തന്നെ,
ഐശ്വര്യ ദേവതയെ പോലെ
ജീവിതത്തിന്റെ മാലാഖയായി
എൻ മനസ്സിൽ സ്ഥാനം പടുത്തുയർത്തിയ ദേവത അതാണ്
എന്റെ അമ്മ.

സ്നേഹം മാത്രം,
ആ മനസ്സ് എന്നെ ദുഃഖിപ്പിക്കത്തില്ല.

മുഹമ്മദ് അഷ്മിൽ
10th standard
SIGN IAFS

പുസ്തകപരിചയം

കരോൾബാഗിലെ ഫ്ലാറ്റ് – ഒരു ആസ്വാദനം

ഡോ. അജയ് നാരായണൻ
Tel - 8129628716



ശ്രീമതി ദർശനയുടെ കരോൾബാഗിലെ ഫ്ലാറ്റ് എന്ന കവിതാസമാഹാരം, ഒരു വായനാനുഭവം.

കവിത എന്തെന്നും എന്തിനെന്നുമുള്ള ചർച്ചകളും സംവാദങ്ങളും കാലാകാലങ്ങളായി എല്ലായിടത്തും നടക്കാറുണ്ട്.

ഒരു വാക്കുകൊണ്ട് ഒരു ആശയത്തെ, വികാരത്തെ, വിചാരങ്ങളെ വാങ്മയ ചിത്രമാക്കാൻ കഴിവുണ്ടെങ്കിൽ ആ വാക്ക് കവിതയായി നമ്മിലേക്ക് എത്തുന്നു എന്ന് ഒറ്റ വാചകത്തിൽ പറയാം. അനുവാചകരെ സംബന്ധിച്ചിടത്തോളം ആ വാക്ക് ഏതെന്നു കണ്ടുപിടിക്കുക അത്ര എളുപ്പമാവണമെന്നില്ല.

കവിയെ, കവിയുടെ രചനയെ പരിചയപ്പെടുത്താനുള്ള ഏതൊരു ശ്രമത്തിലും വായനക്കാരനെ കവിതയുടെ കാമ്പ് കണ്ടെത്താൻ സഹായിക്കുക എന്നതാണ് പരിചയപ്പെടുത്തൽ എന്നതുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത്.

എളുപ്പമല്ല. എങ്കിലും ശ്രമിക്കേണ്ടതുണ്ട്. അതിനും മുൻപ് കവിയെക്കുറിച്ചും അല്പം അറിയേണ്ടതുണ്ട്. ദർശനയെന്ന കവിയെക്കുറിച്ച് ഈ നാട്ടിലുള്ള സഹൃദയരോടോ ഇവിടെ കൂടിയിരിക്കുന്ന കവി സുഹൃത്തുക്കളോടോ പറയുമ്പോൾ സൂക്ഷ്മത പാലിക്കേണ്ടതുണ്ട്, കാരണം ദർശന സുപരിചിത മാത്രമല്ല കവിയെന്ന നി



ലയിൽ തന്റെതായ കയ്യൊപ്പ് ചാർത്തിയ വ്യക്തിയാണ്. എഴുത്തിൽ എനിക്കും മുന്നേ വന്ന് വ്യക്തിമുദ്ര സ്ഥാപിച്ച കവി. തന്റെതായ നിലപാടിലൂടെ ഉറച്ച സ്വരത്തിലൂടെ കവിതകളെ പോഷിപ്പിച്ച എഴുത്തുകാരി. ഇങ്ങനെയാണ് ശ്രീമതി ദർശനയെ ചുരുക്കേണ്ടത്. പക്ഷേ, അങ്ങനെ ഒതുക്കേണ്ട വ്യക്തിത്വമല്ല ദർശനയ്ക്ക് ഉള്ളത്.

കാലികമായ സമൂഹത്തിൽ തൻകാര്യത്തിന് പ്രാധാന്യം ഏറും. അതിൽ മാത്രം അഭിരമിക്കുന്നവരുടെ എണ്ണവും കൂടും. ഇവർക്കിടയിൽ തനതായ വ്യക്തിത്വംകൊണ്ടും സൂക്ഷ്മമായ എഴുത്തുകൊണ്ടും തല ഉയർത്തി നിൽക്കുന്ന വ്യക്തിത്വമാണ് ദർശനയുടേത്. ഈ വക്തിത്വത്തിന് പക്ഷേ ഒരുപാട് അടരുകളുണ്ട്, അവയെല്ലാം രചനയിൽ തെളിയുന്നുമുണ്ട്.

കവിത എന്നത് ഈ കവിക്ക് ഒരു അന്വേഷണമാണ്. ചിലപ്പോൾ അശാന്തിയുടെ തീരത്തൂടെ അർത്ഥം തേടി, മറ്റുചിലപ്പോൾ ശാന്തിയുടെ പാതയിലെ സമാധാനത്തിന്റെ കൊടിയും ചുമന്ന്. വിശ്വസ്നേഹത്തിന്റെ, സമത്വത്തിന്റെ, സാഹോദര്യത്തിന്റെ താക്കോലായ സംഗീതത്തിന്റെയും കവിതയുടെയും ആഴം അളന്നു മനസ്സുകൊണ്ടുള്ള യാത്രയാണ് പലപ്പോഴും കവിതയിൽ കാണുക.

ഇത്രയുമെങ്കിലും അറിഞ്ഞാൽ കരോൾബാഗിലെ ഫ്ലാറ്റ് എന്ന കവിതാസമാഹാരത്തിലേക്ക് കടന്നുച്ചെല്ലാനുള്ള വാതിൽ തുറന്നുകിട്ടും ആർക്കും. എന്താണ്, എന്തിനാണ് ഈ കാവ്യസമാഹാരം എന്നതിന്റെ ഉത്തരം കിട്ടുവാൻ നമുക്ക് ഇതിലെ കവിതകൾ തേടിപ്പോകേണ്ടതുണ്ട്.

എന്താണ് കരോൾബാഗിലെ ഫ്ലാറ്റിലെ വിശേഷങ്ങൾ? ഈ സമാഹാരം എന്താണ് അനുവാചകരുമായി പങ്കുവയ്ക്കുന്നത്, എങ്ങനെയാണ് എഴുത്തുകാരിയും വായനക്കാരനും തമ്മിൽ ഒരു ബന്ധം സ്ഥാപിക്കപ്പെടുന്നത്?

സ്മൃതികൾ, അതിൽ കാണുന്ന വാങ്മയചിത്രങ്ങളിലെ മുഖങ്ങൾ, പ്രകൃതി, അവയെ മാനുഷിക വികാരങ്ങളുമായി ലയിപ്പിക്കുന്ന ചിന്ത, മനുഷ്യൻ എന്ന ജീവന്റെ പിടയുന്ന അവസ്ഥ, തടവെന്ന വിചാരം ഇങ്ങനെ മനുഷ്യരെയും മനസ്സിനെയും കേന്ദ്രീകരിച്ചു കവിത കുറിക്കുമ്പോൾ കവി കാലികമായ, കലുഷമായ സാമൂഹിക അവസ്ഥകളെ ചോദ്യം ചെയ്യുന്നുണ്ട്. വ്യക്തിഗതമായ നോവുകളെയും അസ്വസ്ഥതകളെയും കൊച്ചുകൊച്ചു സന്തോഷങ്ങളെയും സമൂഹത്തിന്റെതാക്കി മാറ്റുന്നുണ്ട്, മറിച്ചും സംഭവിക്കുന്നുണ്ട്. ഈ സമാഹാരത്തിലെ കവിതകളിലൂടെ മാനവ പക്ഷത്തുനിന്ന് നിരന്തരം കലഹിക്കുന്ന കവിയുടെ മനസ്സ് ചിലപ്പോൾ ഒളിച്ചോട്ടങ്ങൾക്ക് വിധേയമാകും, തിരിച്ചുവരവും സംഭവിക്കുന്നുണ്ട്. ഒരു തരം പാകപ്പെടൽ ആണ് കവിയുടെ ഈ സമാഹാരത്തിൽ കാണാൻ കഴിയുക.

നമുക്ക് ഒന്നുരണ്ട് ഉദാഹരങ്ങളിലൂടെ കടന്നുപോകാം. എന്റെ വായനാനുഭവം നിങ്ങളുടേതാവണമെന്നില്ല എന്നിരുന്നാലും കവിതകൾ വായിക്കുമ്പോൾ എവിടെയൊക്കെയോ എന്റെയും നിങ്ങളുടെയും അനുഭവം ഒന്നായി മാറുമെങ്കിൽ അത് കവിയുടെ വിജയവും ആകും.

"ജീവിതക്കടൽ" എന്നൊരു കവിതയിലൂടെ ഒരു യാത്ര.

കടലാണ് ചുറ്റിലുമിരമ്പുന്ന കടൽ
വെട്ടിത്തിളയ്ക്കുന്ന പകലിലേക്കൊരു കുടം കുളിർ എന്നു തുടങ്ങുന്നു കവിത. നോക്കൂ,. കടൽ എന്ന ബിംബത്തിലൂടെ ജീവിതത്തിന്റെ രണ്ട് അവസ്ഥകൾ വരച്ചാണ് കവിത ആരംഭിക്കുന്നത്. ഇരമ്പുന്ന കടൽ മനുഷ്യമനസ്സിനെയും കാലികമായ സമൂഹത്തെയും തീർച്ചയായും പ്രതിനിധീകരിക്കുന്നുണ്ട്. ഉച്ചസ്ഥായിയിലാണ് പകൽ. ഭീകരമായ അന്തരീക്ഷം സൃഷ്ടിച്ചു വായനക്കാരനെ ഉൽക്കണ്ഠാകുലനാക്കി ഒരു കുടം കുളിരുകൊണ്ട് ഒന്ന് തണുപ്പിക്കുന്നു. ആദ്യത്തെ വരികളിലൂടെ താഡനവും തലോടലും ചെയ്യുന്ന കവിതയുടെ ഉള്ളാഴം തേടാം.

മായാ കനവുകൾ നിറഞ്ഞാടും പകൽ,
പിൻമടക്കത്തെ കുറിക്കുന്നുണ്ട് ഇരുൾ.

നോക്കൂ, രാപ്പകലുകളെ കവിതയിലേക്ക് ആവാഹിച്ചു നിറഞ്ഞാടുന്ന മായികമായ അവസ്ഥയേയും ഒരു പോസ് ഇട്ട് വിസിൽ മുഴങ്ങുമ്പോൾ പിൻമടങ്ങേണ്ട അവസ്ഥ രാവിലൂടെയും വരച്ചു കവിത ജീവിതത്തിലെ വിരുദ്ധങ്ങളായ കാഴ്ചകളെയും

അനുഭവങ്ങളെയും വായനക്കാരിലേക്ക് കടത്തിവിടുന്നുണ്ട്.

ഓർമകളുടെ തിരകൾ അടിച്ചുകൊണ്ടേയിരിക്കുമ്പോൾ കവിത വ്യക്തിഗതമാകുന്നതും കാണാം. ഓർമച്ചിമിഴ് ജ്വലിക്കുന്നുണ്ട്. വൻതിര അടിക്കുന്നുണ്ട്. മണലൂർന്നതും ഓർമകൾ മറയുന്നതും അനുഭവവേദ്യമാവുന്നുണ്ട്. ഇവയെല്ലാം നമ്മുടെയും വികാരങ്ങളാണ് എന്ന് പ്രത്യേകമായി പറയേണ്ടതില്ല.

നോവുന്ന ഓർമ്മകൾക്കിടയിലും കരയും കടലും തിരയും ബിംബങ്ങളായി വന്ന് വായനക്കാരനെ തൊടുമ്പോൾ പ്രതീക്ഷയും പകരുന്നുണ്ട്. കലുഷമായ മനസ്സിനെ അവതരിപ്പിക്കാൻ ഉപയോഗിക്കുന്ന ബിംബങ്ങളിൽ ഇര തേടുന്ന കടൽപ്പക്ഷിയും പാറയും കടൽഞണ്ടും ഇവയുടെ ചില അവസ്ഥകളിലൂടെ തന്റെ തളരുന്ന മനസ്സും കവിത വരച്ചിടുന്നു. ഈ നിമിഷമാണ് നമ്മൾ എന്ന ബിംബത്തിലേക്ക് നമ്മെ കവിത കൂട്ടിച്ചെല്ലുന്നത്.

നമ്മൾ എന്ന ഭാവത്തിനു ഞാനും നീയും എന്ന ദ്വൈതത്തിൽ നിന്നും അദ്വൈതത്തിലേക്കുള്ള സഞ്ചാരം തീർച്ചയായും കൈവരുമ്പോൾ ഭൗതികമായ അന്തരീക്ഷത്തിൽനിന്നും ആത്മീയഭാവവും കവിത കൈവരിക്കുന്നുണ്ട്.

നോക്കൂ,

ഉടൽ തമ്മിൽ കൊരുത്തിരു പട്ടങ്ങൾ നമ്മൾ

കാറ്റിൽ പറക്കുന്നുണ്ടനന്തമീ വിഹായസ്സിൽ

കടന്നെത്തുമിരുൾ ഭേദിച്ചുയിർക്കട്ടെ വാനിൽ.

മണ്ണിലുറച്ച ചിന്തകളെ, വികാരങ്ങളെ മാനത്തേക്ക് ഉയർത്തുമ്പോൾ ഉൽക്കടമായ രസങ്ങളാൽ കവിത ഒരു കാഴ്ചയായി മാറുന്നുണ്ട് ഇവിടെ. കവിതയുടെ നാന്ദിയിൽ വരച്ച നോവുകളെയും അസ്വസ്ഥതകളെയും ഉലയിൽ നീറ്റിയെടുത്തു നാം എന്ന ശക്തമായ ആശയത്തിലൂടെ വാനം കാട്ടാൻ പട്ടമാണ് ബിംബം. അതിൽ സ്വപ്നങ്ങളായി വർണ്ണങ്ങളുണ്ട്, മണ്ണിൽനിന്നുള്ള വിടുതൽ ഉണ്ട്, ചേർത്തുപിടിക്കുന്ന വിശ്വസ്നേഹമെന്ന പ്രതിഭാസവും ഉണ്ട്. ഇരുൾ ഭേദിച്ചുള്ള യാത്ര അനന്തമാണ്. സ്നേഹക്കൂടാണ് തന്റെ ജീവിതത്തിലൂടെ താൻ കെട്ടിപ്പടുക്കുന്നത് എന്ന് ഉപസംഹരിച്ചു ജീവിതക്കടൽ വരച്ചുതീർക്കുമ്പോൾ അനുവാചകനും ആശ്വാസത്തിന്റെ ചെറുതിരിയിൽ തെളിയും.

കവിത വ്യക്തിഗതമായ ചിന്തകളിലൂടെ നടന്നു കാലികമായ സമൂഹത്തിന്റെ അവസ്ഥയും വരച്ചു പ്രതീക്ഷയുടെ, സ്നേഹത്തിന്റെ കൂട് നിർമിച്ചു കവിത വിരമിക്കുമ്പോൾ കവിത ആലോചനാമൃതമാവുന്നു.

ലളിതമായ വരികൾ, ആർക്കും ഉൾക്കൊള്ളാവുന്ന ആശയങ്ങൾ, പരിചിതങ്ങളായ കല്പനകൾ ഇവയിലൂടെയാണ് കവിത സഞ്ചരിക്കുന്നത്.

"ഓജോബോർഡ്", ഈയിടെ വായിച്ച ഈ കവിത അനേക തലങ്ങളിലൂടെ കവിത എന്ന ബിംബത്തെ അനുവാചകരിലേക്ക് കടത്തിവിടുന്നുണ്ട്.

വ്യത്യസ്തവും പലർക്കും അപരിചിതവുമായ ഒരു പദമാണ് ഓജോബോർഡ്. ഈ പദം തന്നെ പാശ്ചാത്യമാണ്. പരേതരായവരുടെ ആത്മാക്കൾ ശാന്തി തേടി അലയുന്നുണ്ടാവുമെന്ന വിശ്വാസത്തെ ആസ്പദമാക്കി അതുമായി ബന്ധപ്പെടാനുള്ള ഒരു ഉപകരണമാണ് ഓജോ ബോർഡ്. ഇംഗ്ലീഷ് അക്ഷരങ്ങളിലൂടെ കളിയിൽ പങ്കെടുക്കുന്നവരിൽ ഒരാൾ അയാളുടെ വിരൽ മെല്ലെ അക്ഷരങ്ങളിലൂടെ ഓടിച്ചു കൊണ്ട് വാക്കുകൾ സൃഷ്ടിച്ചു അവയിലൂടെ ആശയങ്ങളെ പ്രകടിപ്പിക്കുകയുമാണ് ചെയ്യുന്നത്.

പാശ്ചാത്യമായ ഈ ആശയത്തെ ഭാഷയിലേക്ക് ലയിപ്പിച്ചും അക്ഷരലോകം തീർത്തും കവിതയെ നിർവചിക്കുന്നു.

രാത്രിയിൽ തന്റെ കിടപ്പുമുറി ഒരു ഓജോ ബോർഡ് ആയി മാറുന്ന അവസ്ഥയാണ് ഈ കവിത പറയുന്നത്. ഇതിൽ 51 അക്ഷരങ്ങൾ ഉണ്ടെന്ന് എടുത്തുപറയുമ്പോൾ പാശ്ചാത്യമായിരുന്ന വിശ്വാസത്തിൽനിന്നും ഈ ബോർഡിനെ ഭാഷയിലേക്ക് പറിച്ചുനടുന്നുണ്ട്.

അമ്പത്തൊന്ന് അക്ഷരങ്ങളിൽ മയങ്ങിക്കിടക്കുന്ന ഭൂതപ്രേതപിശാചുക്കളെ ഉയിർത്തെഴുന്നേല്പിക്കുമ്പോൾ അവയെന്താണ് പറയുന്നത്?

എന്റെ പ്രാണനാണ് സംവദിക്കുന്നത്. ചൂണ്ടുവിരലാണ് അക്ഷരങ്ങളിലൂടെ സഞ്ചരിക്കുന്നത്. അക്ഷരങ്ങളെ നിയന്ത്രിക്കുന്നതോ എന്റെ ചലനങ്ങളും!

ഇവിടെ ഞാൻ എന്ന ബിംബത്തിലൂടെ കവി സ്വയം പകർന്നാടുന്നുണ്ട്. ഭാഷയും കവിതയും ആശയങ്ങളും തന്റെ വിരൽത്തുമ്പിലുണ്ട് എന്ന് ധ്വനിപ്പിക്കുന്നുമുണ്ട്.

നിങ്ങൾ എന്ന ബിംബത്തിലൂടെ വായനക്കാരെയും ഓജോബോർഡ് ന്റെ വായനയിലേക്ക് കൊണ്ടുവരുമ്പോൾ ഈ നിങ്ങൾ സാധാരണ വായനക്കാരനോ വിമർശകനോ ആക്ഷേപകനോ അനുഭാവിയോ സുഹൃത്തോ ആകാം. അപ്പോൾ കവി ബോർഡിലൂടെ നമ്മിലേക്ക് ഒരു സന്ദേശം തരാൻ ശ്രമിക്കുന്നുണ്ട്.

ആത്മവിശ്വസത്തിന്റെ ഉറവിടമാണ് തന്റെ ചൂണ്ടുവിരൽ. മാന്ത്രിക ശക്തിയുണ്ട് അതിന്. തെരഞ്ഞെടുക്കുന്ന അക്ഷരങ്ങളും ഉരുത്തിരിയുന്ന വാക്കുകളും പ്രകടമാവുന്ന ആശയങ്ങളും ഒളിഞ്ഞുകിടക്കുന്ന അർത്ഥങ്ങളുമെല്ലാം ചൂണ്ടുവിരലിന്റെ തുമ്പിലാണ്.

ഇതെല്ലാം പറഞ്ഞു കവിത ചൂണ്ടുവിരലിന്റെ ദൗത്യവും പറയുന്നുണ്ട്. രാജ്യദ്രോഹിയെന്ന് തീവ്രവാദിയെന്ന് ദുർവ്യാഖ്യാനം നടത്തുന്ന അവർ, കലുഷമായ രാഷ്ട്രീയവും അധികാരത്തിന്റെ കറുത്ത അവസ്ഥയും കാട്ടി നമ്മെ ആശങ്കാകുലരാക്കുന്നു. എന്നാലോ, സാധാരണരായ വായനക്കാർക്ക് വായനയുടെ വഴി അറിയാം. കവിതയുടെ ആത്മാവ് സൂക്ഷ്മമായും കൃത്യമായും വായനക്കാരോട് സംവദിക്കുമ്പോൾ അധികാരികൾ പരാജയപ്പെടുന്നുണ്ട്. മസ്തിഷ്കപ്രക്ഷാളനം തുടരും പക്ഷേ, തന്റെ വിരൽ തീർക്കുന്ന വാക്കുകളിലും ധ്വനികളിലും അനുവാചകർ ഒരു വലയം തീർക്കും. ഓജോബോർഡ് എന്ന വ്യത്യസ്തമായ ബിംബത്തിലൂടെ ശക്തമായ ഒരു നിലപാട് കവിയെന്ന നിലയിൽ പ്രഖ്യാപിക്കുന്നുണ്ട് ദർശന. വ്യക്തിപരമായി ഞാൻ ഈ കവിതയിൽ ആകൃഷ്ടനായതിനു കാരണവും ഈ ബിംബം തന്നെ. എത്ര ശക്തമായാണ് കവിയും കവിതയും സന്ദേശങ്ങളും നമ്മെ ഇതിലൂടെ കീഴടക്കുന്നത്. ഓജസ്സുള്ള കവിതയാണ് ഓജോബോർഡ്.


ഇനിയും കവിതകളെക്കുറിച്ച് ഏറെ പറയാം. വായനക്കാരനെ എന്റെ കൈ പിടിച്ചു നടത്തുകയല്ല ഈ പരിചയപ്പെടുത്തലിന്റെ ലക്ഷ്യം. മുന്നോട്ടുള്ള പാത ഇതാണെന്ന് ചൂണ്ടിക്കാട്ടുക മാത്രമാണ് ലക്ഷ്യം.

ഉപസംഹരിക്കുമ്പോൾ, കവിയെന്ന നിലയിൽ പ്രിയ സുഹൃത്ത് കൂടിയായ ദർശനയെ എങ്ങനെ ആണ് ഞാൻ വിലയിരുത്തുന്നത് എന്നും ചൂണ്ടിക്കാട്ടാം.

എഴുത്തിന്റെ പാതയിൽ സ്വയം പാത വെട്ടിത്തെളിച്ചു വന്ന കവിയാണ് ദർശന. ഗഹനമായ വായനയുടെ പ്രതിഫലനം ചിന്തയിലും രചനയിലും കാണാം. ഞാൻ പലപ്പോഴും അത്ഭുതപ്പെടുന്ന ഒരു നിരീക്ഷണമുണ്ട്, ദർശനയുടെ രചനാമാതൃക ഏതെന്ന്! വരികൾക്കിടയിലൂടെയും തെരഞ്ഞെടുക്കുന്ന ആശയങ്ങളുടെയും വേരുകൾ തേടിപ്പോയാൽ ഒരു ഒറ്റമരമാണ് ദർശന എന്നത് കൗതുകം തരുന്നുണ്ട്. കഥാരചനയിൽ ഈ മാതൃക പിന്തുടരുന്നുമില്ല എന്നിടത്താണ് ദർശനയെന്ന കവി ഒറ്റയ്ക്കും തെറ്റയ്ക്കുമായി സ്വയം ഒരുക്കിയ ഇടത്തിൽ, തന്റെയിടത്തിൽ തന്റേടിയായി നിൽക്കുന്നത്. കാലിക കവിതാരചനകളിൽ ഈ രൂപപ്പെടൽ അപൂർവ്വം ചിലർക്കേ സാധിച്ചിട്ടുള്ളൂ എന്നതിനാൽ വ്യതിരിക്തമായ ഒരു കാവ്യസ്വത്വത്തിന് ഉടമയാണ് ദർശന എന്നും പറയാം. ഒരുപക്ഷേ, അതുതന്നെയാവും ദർശനയെ മുഖ്യധാരയിലെ ആൾക്കൂട്ടത്തിനിടയിൽ കാണാത്തതും.

കരോൾബാഗിലെ ഫ്ലാറ്റ് നിങ്ങൾ വായിക്കണം. അത് കവിക്കുവേണ്ടിയോ കവിതയ്ക്കു വേണ്ടിയോ ആവരുത്, സ്വയം അറിയുവാനുള്ള ഒരു ഉപാധി ആയിക്കണ്ട് ഈ കവിതാസമാഹാരത്തിലെ കവിതകൾ വായിച്ചു സ്വയം അന്വേഷണം തുടങ്ങുക, തുടരുക. അതാവും ഈ സമാഹാരത്തിനു ലഭിക്കാവുന്ന ഏറ്റവും നല്ല പ്രോത്സാഹനവും അംഗീകാരവും.

വിലാഗ
എന്റെ വായനാനുഭവം



Santhoshkumar.K

നിത്യാ ലക്ഷ്മിയുടെ മൂന്നാമത്തെ നോവലാണ് സെഡോറ രചനാ മത്സരത്തിൽ ചുരുക്കപ്പട്ടികയിൽ ഇടംനേടിയ വിലാഗ.



എന്താണ് വിലാഗ ? യുദ്ധമോ, തീവ്രവാദമോ, പ്രവാസ ജീവിതത്തിന്റെ ദുരിതങ്ങളോ, അതോ പ്രണയത്തിന്റെ പൊള്ളുന്ന വേദനയോ? അതെ, ഇതെല്ലാമാണ് വിലാഗ. അല്ലെങ്കിൽ ഇതെല്ലാമാണ് വിലാഗയിൽ.

ഒരു ജോലി തേടി അന്യനാടുകളിൽ പോവുക എന്നത് മലയാളികളെ സംബന്ധിച്ചിടത്തോളം സർവ്വസാധാരണമാണ്. അങ്ങനെ ഒരു ജോലി തേടി പോയതാണ് ഈ നോവലിലെ നായിക ഋതു. പ്രണയ സാക്ഷാത്കാരത്തിന് വേണ്ടി, നല്ലൊരു കുടുംബം കെട്ടിപ്പടുക്കുന്നതിന് ഇത്തിരി പണം സമ്പാദിക്കാൻ വിലാഗ എന്ന രാജ്യത്തേക്ക് ജോലി തേടിപ്പോയതാണവൾ. പക്ഷേ അവിടെ ഋതുവിനെ കാത്തിരുന്നത് അതിഭീകരമായ അനുഭവങ്ങളായിരുന്നു. പിശാചുക്കൾ നിറഞ്ഞ ആ രാജ്യത്ത് ദേവദൂതനെപ്പോലൊരാൾ അവൾക്ക് താങ്ങായി ഉണ്ടായിരുന്നു. അവരുടെ കഥയാണ് വിലാഗ. അല്ലെങ്കിൽ ഒരു പെൺകുട്ടി എന്ന നിലയിൽ സ്വന്തം നാട്ടിൽ നിന്നും നേരിട്ട അപമാനവും അന്യ രാജ്യത്ത് നിന്നും നേരിടേണ്ടി വന്ന പീഡനങ്ങളും അതിജീവിയ്ക്കാൻ ശ്രമിക്കുന്ന ഋതുവിന്റെ മാത്രം കഥയാണ്.

വിലാഗ എന്ന സാങ്കൽപ്പിക ദേശത്താണ് ഈ കഥ നടക്കുന്നതെങ്കിലും, യുദ്ധവും, ഭീകരവാദവും, മതഭ്രാന്തും, അന്ധവിശ്വാസങ്ങളുമെല്ലാം ആത്യന്തികമായി ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീ ജീവിതങ്ങളെയായതിനാൽ ഇപ്പോൾ പല രാജ്യങ്ങളിലും നടക്കുന്ന സംഭവങ്ങളുമായി സാമ്യം തോന്നിയാൽ അത്ഭുതമില്ല.

നിത്യാ ലക്ഷ്മിയുടെ മുൻ നോവലുകളേക്കാൾ ഒരു നോവലിന്റെ പൂർണ്ണത കൈവരുന്നത് വിലാഗയിലാണ്. ഓരോ രചനകളിലൂടേയും എഴുത്തുകാരി കൂടുതൽ കൂടുതൽ മികവിലേക്കുയരുകയാണ്. ഇനിയും നല്ല രചനകൾ നിത്യാലക്ഷ്മിയിൽ നിന്നും വായനക്കാർക്ക് പ്രതീക്ഷിക്കാമെന്ന് ഉറപ്പാണ്. ●